# ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് ജനനം കൊടുക്കുന്നത്



അഷീഷ് റായിച്ചൂർ

അച്ചടിച്ചതും വിതരണം ചെയ്തതും
എല്ലാ ജനങ്ങളുടെയും സഭ & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ലൂർ
ഒന്നാമത്തെ പുസ്തകപ്പതിപ്പ് അച്ചടിച്ചത്: നവംബർ 2012

ഭരണാധികാരമുള്ള പത്രാധിപർ/പ്രസിദ്ധീകരണ പ്രമാണി: വാലന്റീന ഹ്യൂബെർട്ട്
വിവർത്തനം: എം.പി. കോശി
അവതരണവും വരച്ച ബാഹ്യരൂപ ചിത്രണവും: കരുണ ജറോം, byFaith Design

സമ്പർക്ക വിവരം:
എല്ലാ ജനങ്ങളുടെയും സഭ & വേൾഡ് ഔട്ട്റീച്ച്
നമ്പർ 7എം-319, സെക്കന്റ് ഫ്ളോർ, സെക്കന്റ് ബ്ലോക്ക്
എച്ച്.ആർ.ബി.ആർ. ലേ-ഔട്ട്, കല്ല്യാൺ നഗർ, ബാംഗ്ലൂർ 560 043
കർണ്ണാടക, ഇൻഡ്യ

ഫോൺ: +91-80-65970617
ഇമെയിൽ: contact@apcwo.org
വെബ്സൈറ്റ്: www.apcwo.org

മറ്റുവിധത്തിൽ സൂചിപ്പിക്കാതെയിരുന്നാൽ, എല്ലാ തിരുവെഴുത്തു ഉദ്ധരണികളും എടുത്തിരിക്കുന്നതു വിശുദ്ധ വേദപുസ്തകത്തിൽ നിന്നുമാണു, പുതിയ കിംഗ് ജയിംസ് ഭാഷ്യം.

**സൗജന്യമായ വിതരണത്തിനു വേണ്ടി**

ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യമായ വിതരണം സാധ്യമാക്കിത്തന്നതു എല്ലാ ജനങ്ങളുടെയും സഭയിലെ അംഗങ്ങളുടെയും, പങ്കാളികളുടെയും, സുഹൃത്തുക്കളുടെയും ധനപരമായ സഹായത്തിലൂടെയാണു. ഈ സൗജന്യ പ്രസിദ്ധീകരണത്തിലൂടെ നിങ്ങൾ സമ്പന്നനായെങ്കിൽ, ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു ധനപരമായി സംഭാവന ചെയ്യുവാൻ, എല്ലാ ജനങ്ങളുടെയും സഭയിലെ സൗജന്യ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സഹായിക്കുവാൻ. നന്ദി.

(Malayalam book - Giving Birth to the Purposes of God)

# ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് ജനനം കൊടുക്കുന്നത്

# ഉള്ളടക്കം

1. അവതാരിക ........................................................................ 1

2. "മറിയയുടെ അത്ഭുതസംഭവത്തിൽ"
നിന്നുമുള്ള പാഠങ്ങൾ ................................................... 2

3. നിങ്ങളിലുള്ള നിക്ഷേപം ........................................ 10

4. പ്രാർത്ഥനയിലൂടെ ജനനം കൊടുക്കുന്നത് ...... 15

5. സംസാരിച്ച വചനം .................................................. 20

6. മുഷിഞ്ഞു പ്രവർത്തിക്കുന്ന പ്രവൃത്തി ............. 23

# 1

# അവതാരിക

വേദപുസ്തകം വെളിപ്പെടുത്തുന്നു, ദൈവം തന്റെ ഉദ്ദേശ്യങ്ങളെ ഭൂമിയിലേക്ക് വിടുവാൻ ആഗ്രഹിക്കുമ്പോൾ, അവിടെ സമയങ്ങളുണ്ടായിരുന്നു, ദൈവം ദൂതന്മാരെ ഉപയോഗിച്ചത്, എന്നാൽ വളരെ പതിവായി, ദൈവം അവയെ പുറത്തേക്കു വിടുന്നത് മാനുഷപാത്രങ്ങളിലൂടെയാണ്. ഇത് അർത്ഥമാക്കുന്നത്, ഭൂമിയിൽ ദൈവം തന്റെ ഉദ്ദേശ്യങ്ങളെ പുറത്തേക്ക് വിടുന്നത്, എന്നെയും നിങ്ങളെയും പോലെയുള്ള മനുഷ്യരിലൂടെയാണ്.

നിങ്ങൾ ദൈവത്തോടുകൂടെ നടക്കുമ്പോൾ, നിങ്ങളിലൂടെ, ഈ ഭൂമിയിൽ പുറത്തേക്ക് വിടുവാനുള്ള ദൈവത്തിന്റെ പദ്ധതികളും ഉദ്ദേശ്യങ്ങളും നിങ്ങൾ കണ്ടുപിടിക്കും. ഇവയിൽ ചിലത് അത്യന്തം അർത്ഥപൂർണ്ണമായിരിക്കാം – ഒരു കന്യകയിലൂടെ ദൈവപുത്രന്റെ ജനനംപോലെ, മറ്റുചിലത് അത്രയും അർത്ഥപൂർണ്ണമല്ലായിരിക്കാം – ആരും കേട്ടിട്ടില്ലാത്ത ഒരു ഒറ്റപ്പെട്ടുനിൽക്കുന്ന ഗ്രാമത്തിൽ ഒരു ശിശുപരിപാലനവിദ്യാലയം ആരംഭിക്കുന്നതുപോലെ. എന്നുവരികിലും ഓരോന്നും ഭൂമിയിൽ പുറത്തേക്കു വിടുന്ന ദൈവത്തിന്റെ പ്രവൃത്തിയാണ്.

ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്നത് ഭൂമിയിൽ ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് ജനനം കൊടുക്കുന്നതിനെക്കുറിച്ച് ചില വിലയേറിയ ഉൾക്കാഴ്ചയാണ് അതുകൊണ്ട്, നിങ്ങളുടെ ജീവിതത്തിലൂടെ പുറത്തേക്ക് വിടുവാനിരിക്കുന്ന ദൈവത്തിന്റെ പ്രവൃത്തികളിലേക്ക് പോകുവാൻ തുടങ്ങുക.

> ഭൂമിയിൽ ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ പുറത്തേക്കു വിടുന്നത് നമ്മളിലൂടെയാണ്.

# 2

# “മറിയയുടെ അത്ഭുതസംഭവത്തിൽ” നിന്നും ഉള്ള പാഠങ്ങൾ

“അതുകൊണ്ട് കർത്താവുതന്നെ നിങ്ങൾക്ക് ഒരു അടയാളം തരും; കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന് ഇമ്മാനുവേൽ എന്നു പേർ വിളിക്കും” (യെശയ്യാവ് 7:14).

നിങ്ങൾ “മറിയയുടെ അത്ഭുതസംഭവം” പരിഗണിക്കുമ്പോൾ, ഇവിടെ ഇതാ ചില ഉൾക്കാഴ്ച, ഭൂമിയിൽ ദൈവത്തിന്റെ പ്രവൃത്തികളെ പുറത്തേക്ക് വിടുന്നതിനെപ്പറ്റി.

## നിയോഗിച്ച സമയത്ത് ഭൂമിയിൽ പുറത്തേക്കു വിട്ടു

ഈ ഭൂമിയിൽ ദൈവത്തിന്റെ പുത്രന്റെ ജനനം ഏദെൻ തോട്ടത്തിൽ നേരത്തെതന്നേ പറഞ്ഞിരുന്നു. ‘‘ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും; അവൻ നിന്റെ തല തകർക്കും; നീ അവന്റെ കുതികാൽ തകർക്കും” (ഉല്പത്തി 3:15). യെശയ്യാവ് പോലെയുള്ള പ്രവാചകന്മാർ, ദൈവത്തിന്റെ പുത്രന്റെ വരവിനെക്കുറിച്ച് പ്രവചിച്ചു. എന്നിരുന്നാലും രക്ഷകനെ ഭൂമിയിലേക്ക് അയയ്ക്കുന്നതിന് ദൈവത്തിന് ഒട്ടും ധൃതി ഇല്ലായിരുന്നെന്നു കാണാം. പ്രവചനത്തിന് 4000 വർഷങ്ങൾക്കുശേഷം “സമയത്തിന്റെ പൂർണ്ണത വന്നപ്പോൾ, ദൈവം തന്റെ മകനെ അയച്ചു, ഒരു സ്ത്രീയിൽനിന്നും ജനിച്ചു, ന്യായപ്രമാണത്തിൻകീഴ് ജനിച്ചു” (ഗലാത്യർ 4:4). ദൈവം എല്ലായ്പ്പോഴും തന്റെ പ്രവൃത്തി ഭൂമിയിൽ പുറത്തേക്ക് വിടുന്നത് നിയോഗിക്കപ്പെട്ട സമയത്താണ്. നിങ്ങളിലൂടെ പുറത്തേക്ക് വിടുവാൻ ദൈവം ആഗ്രഹിക്കുന്ന ഓരോ പ്രവൃത്തികളും, പുറത്തേക്ക് വിടുന്നത് നിയോഗിക്കപ്പെട്ട സമയത്താണ്.

## സാധാരണ ജനങ്ങളിലൂടെ പുറത്തേക്ക് വിട്ടു

ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയയ്ക്കുവാൻ ആഗ്ര ഹിച്ചപ്പോൾ, ചെറുപ്പക്കാരിയായ ഒരു യെഹൂദാസ്ത്രീയെ ആണ് ദൈവം തിരഞ്ഞെടുത്തത്; മറിയ എന്നു പേരുള്ള ഒരു കന്യകയെ. ഏറ്റവും അതിപ്രധാനമായ ഒരു കാര്യം ദൈവം ഒരിക്കൽ ചെയ്യു വാൻ തുടങ്ങിയപ്പോൾ അത് ഭയാവഹമായി പരിഗണിക്കാവുന്ന താണ് - രക്ഷകനെ ലോകത്തിലേക്ക് അയയ്ക്കുന്നത് - ഒരു കന്യ കയെയാണ് ചുമതലപ്പെടുത്തിയത്. എത്ര വലിയ ഒരു അപകട സാദ്ധ്യതയാണ് ദൈവം എടുത്തത്! മറിയയുടെ ഉദരത്തിൽ ഉൽപാ ദിപ്പിക്കപ്പെട്ട കുഞ്ഞിന് എന്തെങ്കിലും സംഭവിച്ചിരുന്നുവെങ്കിൽ എന്തായിരുന്നേനേം? ശിശുവിനെ അലസിപ്പിക്കുവാൻ മറിയയെ പ്രേരിപ്പിച്ചിരുന്നുവെങ്കിൽ എന്തായിരുന്നേനേ? മറിയയുടെ ഗർഭം അലസിയിരുന്നുവെങ്കിൽ എന്തായിരുന്നേനേം? അല്ലെങ്കിൽ അവളെ കല്ലെറിഞ്ഞ് കൊന്നിരുന്നെങ്കിൽ - ചരിത്രത്തിൽ ആ സമയത്ത് അങ്ങനെയൊരു സംഭവം വളരെ സാദ്ധ്യമായിരുന്നു? ലോകത്തിന്റെ രക്ഷകന് അപ്പോൾ എന്തു സംഭവിക്കുമായിരുന്നു? മാനവയുഗത്തിന് എന്തു സംഭവിക്കുമായിരുന്നു? എന്നിരുന്നാലും, തോൽവിയുടെ എല്ലാ സാദ്ധ്യതകളും ഉണ്ടായിരുന്നിട്ടും, ദൈവം, ഒരു ചെറിയ കന്യകക്ക് ആ പ്രവൃത്തി ചുമതലപ്പെടുത്തുവാനുള്ള, അപകടസാദ്ധ്യത ഏറ്റെടുത്തു. ഇത് ദൈവത്തിന് ചെയ്യുവാൻ കഴി യുമെങ്കിൽ, അപ്പോൾ, തീർച്ചയായും വേറെ ഏത് പ്രവൃത്തികളും ചുമതലപ്പെടുത്തുവാൻ ദൈവത്തിന് കഴിയും - അനേകായിരങ്ങൾക്ക് സുവിശേഷം എത്തിക്കുവാൻ, രോഗികളെ സൗഖ്യമാക്കുവാൻ, ബദ്ധന്മാർക്ക് വിടുതൽ കൊടുക്കുവാൻ, രാഷ്ട്രങ്ങളെ സൗഖ്യമാ ക്കുവാൻ, അങ്ങനെ പലതും - നിങ്ങളെയും എന്നെയും പോലെ യുള്ളവർക്ക്. സാധാരണ ജനങ്ങളെ ദൈവത്തിന്റെ പ്രവൃത്തി ചുമ തലപ്പെടുത്തുവാൻ ദൈവം ഭയപ്പെടുന്നില്ല. എന്തുകൊണ്ടെന്നാൽ, ദൈവത്തിന്റെ പ്രവൃത്തി ഭൂമിയിൽ പുറത്തേക്ക് വിടുന്നതിന്, ദൈവം സാധാരണജനങ്ങളെയാണ് തിരഞ്ഞെടുത്തത്.

## മായം ചേർക്കാത്തതായിരിക്കണം - ശുദ്ധമായി അവന്റെ ആത്മാവിനാൽ ജനിക്കണം

മറിയയുടെ ഗർഭപാത്രത്തിൽ ദൈവപുത്രൻ ഗർഭം ധരിക്കപ്പെട്ടത് ഒരു അമാനുഷപ്രവൃത്തി ആയിരുന്നു, പൂർണ്ണമായി പരിശുദ്ധാത്മാവിന്റെ ഒരു പ്രവൃത്തി ആയിരുന്നു. എന്നിട്ടും, ഗർഭധാരണം നടന്നത് ഒരു മാനുഷിക ഗർഭപാത്രത്തിൽ ആയിരുന്നു. ഒരു അത്ഭുതസംഭവത്തിലൂടെയാണ് ഇത് നടന്നത്. ഗർഭധാരണത്തിന്റെ സമയത്ത് മാനുഷികമായ ഒരു ഘടകാംശവും ഉൾപ്പെടുത്തിയിരുന്നില്ല. ദൂതൻ മറിയയോട് പറഞ്ഞു “പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും; ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും” (ലൂക്കോസ് 1:35). ദൈവം നമ്മളിലൂടെ പുറത്തേക്കു വിടുവാൻ ആഗ്രഹിക്കുന്ന എല്ലാ പ്രവൃത്തിയും, അവന്റെ ആത്മാവിനാൽ ജനിച്ചതായിരിക്കണം. ഇത് നമ്മുടെ സ്വാഭാവികമായ കഴിവു കൊണ്ടും പ്രവർത്തനശക്തികൊണ്ടുമാണ് പുറത്തേക്ക് വിടുന്നത് എങ്കിലും അത് ആത്മാവിനാൽ ഗർഭം ധരിച്ചതായിരിക്കണം. ജഡത്താൽ ജനിച്ചതൊക്കെയും (ഗർഭം ധരിച്ചത്) ജഡമാകുന്നു; ആത്മാവിനാൽ ജനിച്ചതൊക്കെയും (ഗർഭം ധരിച്ചത്) ആത്മാവ് ആകുന്നു. മാനുഷികമായ കാരണങ്ങളിലൂടെയും, ഭാവനയിലൂടെയും, പുതുമയിലൂടെയും മാത്രം നമുക്ക് ഒരു പ്രവൃത്തി ഗർഭം ധരിക്കുവാൻ കഴിയുകയില്ല, അത് ദൈവത്തിന്റെ കലർപ്പില്ലാത്ത ഒരു പ്രവൃത്തി ആണെന്ന് പ്രതീക്ഷിക്കുവാൻ പാടില്ല, എത്ര ആത്മീകമാണെന്ന് അതിനെ കണ്ടാൽപോലും. പ്രവൃത്തി പരിശുദ്ധാത്മാവിനാൽ ജനനം നൽകിയതല്ലെങ്കിൽ ഇത് ഒരു ജഡത്തിന്റെ പ്രവൃത്തിയായിരിക്കാം, ഇത് എത്ര മതപരമാണെന്ന് കാണുന്നത് കണക്കിലെടുക്കാതെ. ജഡത്തിന്റെ പ്രവൃത്തികളെ ദൈവം അഭിഷേകം ചെയ്യുന്നില്ല (പുറപ്പാട് 30:32).

## ഒരു അമ്പരപ്പിനു കാരണമായേക്കാം

ലോകത്തിന്റെ രക്ഷകൻ മറിയയായ മാനുഷപാത്രത്തിലൂടെ ജനിച്ചത് അവൾക്ക് എന്തു മാനൃതയാണ്. എന്നിരുന്നാലും എന്തൊരു അമ്പരപ്പിന്റെ അവസ്ഥയിലാണ് അവളെ ആക്കിവെച്ചത്. വിവാഹം കഴിക്കാത്ത ചെറുപ്പക്കാരിയായ സ്ത്രീ ഗർഭം ധരിച്ചു. അതെ, അവൾ ഗർഭിണിയായിത്തീർന്നത് ദൈവത്തിന്റെ പുത്രനെക്കൊണ്ടു തന്നെ ആയിരുന്നു, എന്നാൽ അവളുടെ കുടുംബവും കൂട്ടുകാരികളും അവളുടെ വിശദീകരണം സ്വീകരിച്ചിരിക്കുമോ? പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയിലൂടെയാണ് അവൾ ഗർഭിണി ആയതെന്നുള്ളത് വിശദീകരിച്ചപ്പോൾ അവർ വിശ്വസിച്ചിരിക്കുമോ? ദൈവം മറിയയിലൂടെ ദൈവത്തിന്റെ പുത്രനു "ജനനം" കൊടുക്കുവാൻ ആഗ്രഹിച്ചപ്പോൾ, എന്തിനാണ് മറിയയെ ഇതുപോലെ അമ്പരപ്പിക്കുന്ന ഒരു ചുറ്റുപാടിൽ ദൈവം ആക്കിയത്?

നമുക്ക് എല്ലാവർക്കും വേണ്ട ഒരു പാഠം ഇതിലുണ്ട്. വളരെ പതിവായി, ദൈവം നമ്മളെ ചുമതലപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികൾ, നമ്മൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ, ആ പ്രവൃത്തി, ഒരു അമ്പരപ്പിന് കാരണമാകുവാൻ കഴിയും. എന്താണ് ദൈവം നമ്മളിലും നമ്മളിലൂടെയും ചെയ്യുന്നതെന്നുള്ളത് എല്ലാവർക്കും ഗ്രഹിക്കുവാൻ കഴിയുകയില്ല. ദൈവത്തിന്റെ പ്രവൃത്തി ചെയ്യുന്നതുകൊണ്ട് നമ്മൾ നിന്ദിക്കപ്പെടുകയും തള്ളിക്കളയപ്പെടുകയും ചെയ്തേക്കാം. വളരെ പതിവായി, ഇതിലൂടെ പോകുവാൻ ദൈവം നമ്മളെ അനുവദിക്കുന്നു, അങ്ങനെ 'ജഡത്തിന്' മരിക്കാൻ കഴിയും. അതുകൊണ്ട് നമുക്ക് കുറയുവാൻ കഴിയും, ദൈവപുത്രന് വളരുവാൻ കഴിയും. കർത്താവായ യേശുവിനെക്കുറിച്ചുള്ള സാക്ഷ്യത്താലും അവൻ നമ്മളിലൂടെ ചെയ്യുന്ന പ്രവൃത്തിയാലും ലജ്ജിക്കാതെയിരിക്കുവാൻ നമ്മൾ പഠിക്കുന്നു.

ദൈവത്തിന്റെ അമാനുഷമായ പ്രവൃത്തി പതിവായി പുറത്തേക്ക് വിടുന്നത് സാധാരണമായതും സ്വാഭാവികമായതുമായ പ്രക്രിയകളിലൂടെയാണ്. അമാനുഷമായി മറിയയുടെ ഗർഭപാത്രത്തിൽ

ശിശു ഗർഭം ധരിച്ചു എന്നിരുന്നാലും, പൂർണ്ണസമയം അവൾ ശിശുവിനെ വഹിക്കണമായിരുന്നു. എന്തുകൊണ്ടാണ് ദൈവം എല്ലാ പ്രക്രിയകളും - ഗർഭധാരണം, ഗർഭകാലം, പ്രസവം - ഒരു അത്ഭുതസംഭവം ആക്കാതിരുന്നത്? ആദ്യത്തെ ദിവസം ശിശുവിനെ ഗർഭം ധരിച്ചു അടുത്തദിവസം ഒരു ശിശുവായി പ്രസവിച്ചിരുന്നുവെങ്കിൽ അത് വലിയ ഒരു അത്ഭുതസംഭവം ആയിരുന്നേനേം. എന്തുകൊണ്ടാണ് മറിയക്ക് സാധാരണയായതും സ്വാഭാവികമായതുമായ പൂർണ്ണസമയത്തിലൂടെ ശിശുവിനെ വഹിച്ചുകൊണ്ടുപോകേണ്ടി വന്നത്? ഇവിടെ അതിപ്രധാനമായ പാഠം, വളരെ പതിവായി ദൈവത്തിന്റെ അമാനുഷമായ പ്രവൃത്തി ഭൂമിയിൽ അനുഷ്ഠിക്കുന്നത് സാധാരണയായതും സ്വാഭാവികമായതുമായ പ്രക്രിയകളിലൂടെയാണെന്നാണ്. ഉദാഹരണമായി, ശക്തമായ ഒരു പ്രാദേശിക സഭ ഉയർത്തുന്നതിന്, ദൈവം നിങ്ങളെ വിളിച്ചിരുന്നിരിക്കാം. ഇത് നിങ്ങളിലൂടെ പുറത്തേക്ക് വിടാനുള്ള ദൈവം ആഗ്രഹിക്കുന്ന പ്രവൃത്തി ആയിരിക്കാം. ഈ പ്രദേശത്ത് തീർച്ചയായും ദൈവം നിങ്ങളെ അഭിഷേകം ചെയ്ത് നിങ്ങൾക്ക് വരം നൽകിയിരിക്കാം. എന്നാൽ നിങ്ങൾക്ക് സാധാരണമായതും സ്വാഭാവികമായതുമായ പ്രക്രിയയിലൂടെ - കഠിനാദ്ധ്വാനം, പഠിപ്പിക്കൽ, പ്രസംഗം, കരുതൽ, ആസൂത്രണം ചെയ്ത പ്രവർത്തനക്ഷമമാക്കുക - ഇവയിലൂടെ പ്രാദേശിക സഭ പണിതുണ്ടാക്കുവാൻ. നിങ്ങളുടെ സാധാരണമായതും സ്വാഭാവികമായതുമായ പ്രയത്നത്തിലൂടെ മാത്രമേ ദൈവത്തിന്റെ അമാനുഷമായ പ്രവൃത്തി പുറത്തേക്കു വിടുകയുള്ളൂ.

വേറെ ഒരു ഉദാഹരണം ദിവ്യമായ സംഭരണത്തിന്റെ ഒരു സ്ഥാനം ആയിരിക്കാം. ദൈവജനം എന്ന നിലക്ക്, നമ്മുടെ എല്ലാ ആവശ്യങ്ങളും ദൈവം നൽകുമെന്ന് നമ്മൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ അമാനുഷമായ സംഭരണത്തിൽ നമ്മൾ വിശ്വസിക്കുന്നു. എന്നാൽ, എന്താണ് നമ്മൾ മനസ്സിലാക്കുന്നതിൽ തോൽക്കുന്നത്, അനേകം സംഗതികളിൽ, ദൈവത്തിന്റെ അമാനുഷമായ സംഭരണം നമ്മുടെ ജീവിതങ്ങളിൽ വരുന്നത്, നമ്മുടെ സ്വന്തകൈകളുടെ പ്രവൃത്തിയിലൂടെയാണ്. നമുക്ക് പ്രവൃത്തി ചെയ്യേണ്ടിവരും

എന്നാൽ നമ്മൾ സ്വീകരിക്കുന്ന സംഭരണം അമാനുഷമാണ്. ഉദാഹരണമായി, നിങ്ങൾക്ക് ഒരു ജോലി ഉണ്ടെന്നുള്ളത് ഒരു അത്ഭുതസംഭവം ആയിരിക്കാം. നിങ്ങളുടെ ജോലിയിലൂടെ നിങ്ങൾ സ്വീകരിക്കുന്ന സംഭരണവും, അതും അമാനുഷം തന്നെയാണ്.

## അടഞ്ഞ വാതിലുകളുമായി ഏറ്റുമുട്ടിയേക്കാം

വേദപുസ്തകം നമ്മളോട് പറയുന്നു മറിയ "ആദ്യജാതനായ മകനെ പ്രസവിച്ചു, ശീലകൾ ചുറ്റി വഴിയമ്പലത്തിൽ അവർക്ക് സ്ഥലം ഇല്ലായ്കയാൽ പശുത്തൊട്ടിയിൽ കിടത്തി." ബേത്ലഹേമിൽ എത്ര വഴിയമ്പലം ഉണ്ടായിരുന്നെന്ന് നമുക്ക് നിശ്ചയമില്ല. നമ്മുടെ മനസ്സിന്റെ കണ്ണുകൊണ്ട് നമുക്ക് അനുമാനിക്കുവാൻ കഴിയും, മറിയയും യോസേഫും പല വഴിയമ്പലങ്ങളിൽ നിന്നുകാണുമെന്ന്, എന്നിട്ടും ഒരു മുറി കണ്ടുപിടിക്കുവാൻ അവർക്ക് കഴിഞ്ഞില്ല. അല്ലെങ്കിൽ, ഒരു പക്ഷെ, അവർ പോയ ഒരേ ഒരു വഴിയമ്പലത്തിൽ അവർക്ക് കൊടുക്കുവാൻ മുറി ഇല്ലാതിരുന്നിരിക്കാം, വഴിയമ്പല സൂക്ഷിപ്പുകാരൻ അവരോട് പറഞ്ഞിരിക്കാം പശുത്തൊട്ടിയിൽ പോകുന്നതിന്. ഈ പ്രപഞ്ചത്തിന്റെ ദൈവത്തിനു കഴിഞ്ഞില്ലേ തന്റെ മകന്റെ ജനനത്തിന് ഒരു മുറിയെങ്കിലും അമാനുഷമായി മാറ്റിവെക്കുന്നതിന്? മറിയയുടെ മനസ്സിലൂടെ ഓടിപ്പോയ ചിന്തകളെക്കുറിച്ച് നിങ്ങൾക്ക് അനുമാനിക്കുവാൻ കഴിയുമോ? അവൾ വിചാരിച്ചിരുന്നിരിക്കാം "ദൈവം ഒരു മുറി ഞങ്ങൾക്കുവേണ്ടി കരുതിവെക്കും എന്ന് എനിക്ക് ഉറപ്പാണ്. ഞാൻ വഹിക്കുന്ന കുഞ്ഞു ദൈവത്തിന്റെ പുത്രനാണ്. വഴിയമ്പലത്തിൽ ഞങ്ങൾക്ക് മുറി ഉണ്ടെന്നുള്ളത് എനിക്ക് ഉറപ്പാണ്." എന്നാൽ അവർ മുട്ടിയ ഓരോ കതകും അടയ്ക്കപ്പെട്ടതായി കാണാൻ കഴിഞ്ഞതും ശിശു എവിടെ ജനിക്കണം എന്ന് ദൈവം ആഗ്രഹിച്ചിരുന്നുവോ അവിടെ അവർ എത്തിയതും എത്ര നിരാശാജനകമാണ്. അങ്ങനെ തന്നെയാണ് നമ്മുടെ ജീവിതങ്ങളിലും, ഭൂമിയിൽ ദൈവത്തിന്റെ പ്രവൃത്തികൾക്ക് ജനനം കൊടുക്കുവാൻ നമ്മൾ പൊയ്ക്കൊണ്ടിരിക്കുമ്പോൾ, അനേക അവസരങ്ങളിൽ അടഞ്ഞ വാതിലുകളെ അഭിമുഖീകരിക്കേണ്ടിവരുവാൻ സാദ്ധ്യ

തയുണ്ട്. നമ്മൾ ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തി യാഥാർത്ഥ്യമല്ല എന്നല്ല ഇത് അർത്ഥമാക്കുന്നത്. അടഞ്ഞ വാതിലുകൾ ലഘുവായി അർത്ഥമാക്കുന്നത്, നമ്മൾ നീങ്ങിക്കൊണ്ടിരിക്കണമെന്നും, മറ്റുള്ള വാതിലുകളിൽ മുട്ടിക്കൊണ്ടിരിക്കണമെന്നും, ദൈവം തന്റെ പ്രവൃത്തി പുറത്തേക്കുവിടുവാൻ ആഗ്രഹിക്കുന്ന സ്ഥലത്ത് നമ്മൾ എത്തിച്ചേരുവോളം, എന്നുമാണ്.

ദൈവത്തിന്റെ യഥാർത്ഥമായ പ്രവൃത്തിയുള്ള അനേകരവിടെയുണ്ട്. അവരുടെ ആത്മാവിൽ ഗർഭം ധരിച്ചിരിക്കുന്നവർ, അത് സത്യമായി പരിശുദ്ധാത്മാവിൽനിന്നും ഉള്ളതാണ്. എന്നാൽ അവർക്ക് പ്രസവിക്കുവാനോ - ജനനം നൽകുവാനോ - ദൈവം ആഗ്രഹിക്കുന്ന സ്ഥലത്ത് അവർ എത്തിച്ചേരുന്നതുവരെയും, കഴിയത്തില്ല. അവർക്ക് ഒരു സ്ഥലത്തുനിന്നും വേറൊരു സ്ഥലത്തേക്ക് പോകേണ്ടിവന്നേക്കും, പ്രസവിക്കുന്നതിന് “ഒരു മുറിയും ഇല്ലാതെ,” ദൈവം ആഗ്രഹിക്കുന്ന സ്ഥലത്ത് അവർ എത്തിച്ചേരുന്നതുവരെയും. ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് നമ്മളിലൂടെ ജനനം നൽകുന്നതിനു മുമ്പെ, നമ്മൾ ശരിയായ സ്ഥലത്ത് ആയിരിക്കണം.

## സുരക്ഷിതമാക്കുകയും പരിപാലിക്കുകയും വേണം

ഒരു ശിശു എന്ന നിലക്ക്, വേറെ ഏതെങ്കിലും ഒരു ശിശു വളരുന്നതുപോലെ യേശുവിനും വളരണമായിരുന്നു (ലൂക്കോസ് 2:40). യേശു ജനിച്ച ദിവസം മുതൽ യേശു തന്നെത്താൻ ഭക്ഷണം കഴിക്കുവാനോ വസ്ത്രം ധരിക്കുവാനോ തുടങ്ങിയില്ല. വേറെ ഏതെങ്കിലും ഒരു അമ്മ ചെയ്യുന്നതുപോലെ മറിയ യേശുവിനെ കരുതുന്നതും പരിപാലിക്കുന്നതും വളർത്തിക്കൊണ്ടുവരുന്നതും ചെയ്യണമായിരുന്നു. എന്നാൽ ഹെരോദാരാജാവ് ശിശുവിനെ കൊല്ലാൻ ശ്രമിച്ചിരുന്നത് കൊണ്ട് യേശു ഒരു ശിശുവായിരുന്നപ്പോൾ മറിയയും യോസേഫും യേശുവിന്റെ ജീവന്റെ സുരക്ഷിതത്വത്തിനായി ബേത്‌ലഹേമിൽനിന്നും മിസ്രയീമിലേക്ക് പോകണമായിരുന്നു, (മത്തായി 2:12–16). മറിയയും യോസേഫും ശിശുവിനെ തനിയെ വിട്ടേച്ച് ചിന്തിച്ചില്ല “ശരി, ഇത് ദൈവത്തിന്റെ പുത്രനാണ്. അവന്

ആഹാരം കഴിക്കുവാനും, സുരക്ഷിതമായിരിക്കുവാനും തന്നെ ത്തന്നെ സൂക്ഷിക്കുവാനും കഴിയും" എന്ന്. മറിയക്ക് ദൈവത്തിന്റെ പുത്രനു ജനനം നൽകുവാനുള്ള ചുമതല മാത്രമല്ല ഉണ്ടായിരുന്നത്, എന്നാൽ പരിപാലിക്കേണ്ടതും, കരുതേണ്ടിയതും, യേശുവിനെ സുരക്ഷിതമായി സൂക്ഷിക്കേണ്ടതുമായ ചുമതലകളും കൂടെ ഉണ്ടാ യിരുന്നു. ഇതുപോലെയുള്ള ഒരു രീതിയിൽ ദൈവം നമ്മളിലൂടെ ജനനം നൽകുന്ന പ്രവൃത്തിക്ക് നമ്മൾ മേൽനോട്ടക്കാരാണ്. നമ്മ ളിലൂടെ ജനനം നൽകുന്ന എല്ലാ പ്രവൃത്തിയും പരിപാലിക്കപ്പെ ടണം, കരുതപ്പെടണം, സുരക്ഷിതമായി സൂക്ഷിക്കണം. ഒരു അമ്മ ജനിച്ച ശിശുവിനെ നോക്കുവാൻ എങ്ങനെ ചുമതലപ്പെട്ടിരിക്കു ന്നുവോ - ആഹാരം കൊടുക്കുക, തീറ്റിപ്പോറ്റി വളർത്തുക, കരു തുക, പരിപാലിക്കുക, സുരക്ഷിതമായി സൂക്ഷിക്കുക - അതു പോലെ നമ്മളും കരുതുകയും സൂക്ഷിക്കുകയും വേണം, ആഹാരം കൊടുക്കണം, സുരക്ഷിതമായി സൂക്ഷിക്കണം ദൈവം നമ്മളി ലൂടെ ജനനം നൽകിയ പ്രവൃത്തിയെ. ദൈവം നമ്മളിലൂടെ പുറ ത്തേക്ക് വിട്ട പ്രവൃത്തിയെ സാത്താനോ അല്ലെങ്കിൽ ചീത്തവിചാ രങ്ങളുള്ള ജനങ്ങളോ നശിപ്പിക്കുവാൻ അനുവദിക്കരുത്.

തുടർന്നുള്ള അദ്ധ്യായങ്ങളിൽ, നമ്മൾ നാല് മൂലതത്വങ്ങളെ പരിഗണിക്കും, അവ ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് ജനനം കൊടു ക്കുന്ന പ്രക്രിയയെ ഉൾപ്പെടുത്തിയിരിക്കും.

**ദൈവത്തിന്റെ പ്രവൃത്തി**

- ഭൂമിയിൽ പുറത്തേക്കുവിടുന്നു നിയോഗിച്ച സമയത്ത് പുറത്തേക്ക് വിടുന്നു സാധാരണ ജനങ്ങളിലൂടെ
- മായം ചേർക്കാത്തതായിരിക്കണം - ശുദ്ധമായി അവന്റെ ആത്മാവിനാൽ ജനിച്ചതായിരിക്കണം
- ഒരു അമ്പരപ്പിന് കാരണമാക്കുന്നതായിരിക്കണം
- അടഞ്ഞ വാതിലുകളുമായി ഏറ്റുമുട്ടുന്നതായിരിക്കണം
- സുരക്ഷിതമായും പരിപാലിക്കുന്നതുമായിരിക്കണം

# 3

# നിങ്ങളിലുള്ള നിക്ഷേപം

നമ്മളിലുള്ള നിക്ഷേപത്തിലൂടെ ദൈവം തന്റെ ഉദ്ദേശ്യങ്ങളെ പുറത്തേക്ക് വിടുന്നു.

**നമ്മളിലൂടെ ജനനം കൊടുക്കേണ്ടത് എന്താണെന്ന് നമ്മളിൽ ഉള്ള നിക്ഷേപത്തിൽനിന്നും തീരുമാനിക്കപ്പെടുന്നു**

“ഒന്നുകിൽ വൃക്ഷം നല്ലത്, ഫലവും നല്ലത് എന്നു വെപ്പിൻ; അല്ലായ്കിൽ വൃക്ഷം ചീത്ത, ഫലവും ചീത്ത എന്നു വെപ്പിൻ; ഫലം കൊണ്ടല്ലോ വൃക്ഷം അറിയുന്നത്. സർപ്പസന്തതികളേ, നിങ്ങൾ ദുഷ്ടരായിരിക്കെ നല്ലത് സംസാരിപ്പാൻ എങ്ങനെ കഴിയും? ഹൃദയം നിറഞ്ഞ് കവിയുന്നതിൽനിന്നല്ലോ വായ് സംസാരിക്കുന്നത്. നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽനിന്ന് നല്ലത് പുറപ്പെടുവിക്കുന്നു; ദുഷ്ടമനുഷ്യൻ ദുർന്നിക്ഷേപത്തിൽനിന്ന് തീയത് പുറപ്പെടുവിക്കുന്നു. എന്നാൽ മനുഷ്യർ പറയുന്ന ഏത് നിസ്സാരവാക്കിനും ന്യായവിധി ദിവസത്തിൽ കണക്ക് ബോധിപ്പിക്കേണ്ടിവരും എന്ന് ഞാൻ നിങ്ങളോട് പറയുന്നു. നിന്റെ വാക്കുകളാൽ നീതീകരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും” (മത്തായി 12:33-37).

ഒരു നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽ നിന്നും നല്ല കാര്യങ്ങൾ പുറപ്പെടുവിക്കുന്നു. നമ്മളിൽനിന്നും എന്താണ് ജനനം നൽകിയിരിക്കുന്നത് അത് നിക്ഷേപത്തെ അല്ലെങ്കിൽ നമ്മളിലുള്ള നിക്ഷേപത്തെ ആശ്രയിച്ചിരിക്കും. നമ്മളുടെ ഹൃദയത്തിൽ നല്ല ഒരു നിക്ഷേപം ഉണ്ടെങ്കിൽ, നമ്മൾ നല്ല കാര്യങ്ങൾക്ക് ജനനം കൊടുക്കും. നമ്മളുടെ ഹൃദയത്തിൽ തീയതിന്റെ നിക്ഷേപമാണ് ഉള്ളതെങ്കിൽ, നമ്മൾ തീയതായ കാര്യങ്ങൾക്ക്

ജനനം കൊടുക്കും. നമ്മളിലുള്ള നിക്ഷേപം, നമ്മളിലൂടെ എന്താണ് ജനനം കൊടുക്കുന്നതെന്നുള്ള പ്രകൃതി തീരുമാനിക്കുന്നു.

“കള്ള പ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ; അവർ ആടുകളുടെ വേഷം പൂണ്ട് നിങ്ങളുടെ അടുക്കൽ വരുന്നു; അകമെയോ കടിച്ചുകീറുന്ന ചെന്നായ്ക്കൾ ആകുന്നു. അവരുടെ ഫലങ്ങളാൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാം; മുള്ളുകളിൽനിന്ന് മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽനിന്ന് അത്തിപ്പഴവും പറിക്കാറുണ്ടോ? നല്ല വൃക്ഷം ഒക്കെയും നല്ല ഫലം കായ്ക്കുന്നു; ആകാത്ത വൃക്ഷമോ ആകാത്ത ഫലം കായ്ക്കുന്നു. നല്ല വൃക്ഷത്തിന് ആകാത്ത ഫലവും ആകാത്ത വൃക്ഷത്തിന് നല്ല ഫലവും കായ്പാൻ കഴികയില്ല. നല്ല ഫലം കായ്ക്കാത്ത വൃക്ഷം ഒക്കെയും വെട്ടി തീയിൽ ഇടുന്നു. ആകയാൽ അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും” (മത്തായി 7:15-20).

ഇവിടെ യേശു പരീശന്മാരുമായി പരസ്പരം പ്രവർത്തനം നടത്തുകയാണ്. പരീശന്മാർ സ്വായത്തമാക്കിയത് അവർക്ക് ‘നല്ല ഫലം’ ഉണ്ടെങ്കിൽ, വൃക്ഷം അനിവാര്യമായി നല്ലതായിത്തീരുമെന്ന്. എന്നാൽ യേശു ചൂണ്ടിക്കാണിച്ചു യഥാർത്ഥമായി സംസാരിക്കുന്നത് സത്യം ആണെന്ന്. വൃക്ഷം നല്ലതായിരുന്നാൽ മാത്രമേ ഫലവും നല്ലതായിരിക്കത്തുള്ളൂ. വൃക്ഷത്തിന്റെ പ്രകൃതിയാണ് ഫലം കായ്ക്കുന്നത് തീരുമാനിക്കുന്നത്. നമ്മളിലുള്ള നിക്ഷേപം ആണ് നമ്മൾ പുറപ്പെടുവിക്കുന്ന ഫലം തീരുമാനിക്കുന്നത്. നമ്മുടെ ജീവിതങ്ങളിൽ എന്തിനാണ് ജനനം കൊടുക്കുന്നതെന്ന് ഇത് തീരുമാനിക്കും. നമ്മളുടെ ജീവിതങ്ങളിലൂടെ എന്താണ് പുറത്തേക്ക് വിടുന്നതെന്ന്, നമ്മളിൽ ഉള്ളത് എന്താണോ അത് തീരുമാനിക്കും. അതുപോലെതന്നെ നമ്മിലുള്ള നിക്ഷേപത്തിന്റെ സംയോജനം അനുസരിച്ചു ദൈവം തന്റെ പ്രവൃത്തി നമ്മളിലൂടെ പുറത്തേക്ക് വിടുന്നു അതുകൊണ്ട്, നമ്മളിൽ എന്താണ് നിക്ഷേപിച്ചിട്ടുള്ളതെന്നും, തുടർന്ന് നിക്ഷേപിക്കുവാൻ പോകുന്നതും വളരെ പ്രാധാന്യമേറിയതാണ്.

## എങ്ങനെയാണ് നിക്ഷേപം നടത്തുന്നത്?

അതിനു യോഹന്നാൻ: "സ്വർഗ്ഗത്തിൽനിന്ന് കൊടുത്തിട്ടല്ലാതെ മനുഷ്യന് ഒന്നും ലഭിപ്പാൻ കഴികയില്ല" (യോഹന്നാൻ 3:27).

ദൈവത്തിന് നമ്മുടെ ജീവിതങ്ങളിൽ കാര്യങ്ങളെ നിക്ഷേപിക്കുവാൻ കഴിയും. നിക്ഷേപം, അല്ലെങ്കിൽ നല്ല നിധി നമ്മൾക്കുള്ളത്, ദൈവം തന്നെയാണ് ഇത് നമ്മളിൽ നിക്ഷേപിച്ചു തന്നത്. നമ്മൾക്കുള്ളതിന്റെ ഉറവിടം ദൈവം ആകുന്നു. ദൈവം തിരഞ്ഞെടുക്കുകയാണെങ്കിൽ, നമ്മുടെ ജീവിതത്തിൽ നിക്ഷേപിക്കുവാൻ അവനു കഴിയും - വരങ്ങൾ, അഭിഷേകം, മറ്റുള്ള കഴിവുകൾ, ഇപ്പോൾ നമുക്ക് കൈവശം ഇല്ലാത്തത്.

## മറ്റുള്ള ജനങ്ങൾക്ക് നമ്മുടെ ജീവിതങ്ങളിൽ നിക്ഷേപിക്കുവാൻ കഴിയും

"ഇരുമ്പ് ഇരുമ്പിന് മൂർച്ച കൂട്ടുന്നു; മനുഷ്യൻ മനുഷ്യന് മൂർച്ച കൂട്ടുന്നു" (സദൃശവാക്യങ്ങൾ 27:17).

നമ്മളുമായി സമ്പർക്കം പുലർത്തുന്ന ജനങ്ങൾ ഒന്നുകിൽ നല്ലത് അല്ലെങ്കിൽ തീയത് നമ്മളിൽ നിക്ഷേപിക്കുന്നു. ആവർത്തനപുസ്തകത്തിൽ നമ്മൾ വായിക്കുന്നു, ദൈവം മോശെയും യോശുവയും തമ്മിലുള്ള ബന്ധം സ്ഥാപിച്ചു (ആവർത്തനപുസ്തകം 1:38). ദൈവം മോശെയോട് പറഞ്ഞു പോയി യോശുവയെ നായകനായി അംഗീകരിക്കുവാൻ (സംഖ്യാപുസ്തകം 27:18 -23). മോശെയുടെ അഭിഷേകം യോശുവക്ക് വിട്ടുകൊടുത്തു. ജ്ഞാനത്തിന്റെ ആത്മാവ് യോശുവയിൽ ഉണ്ടായിരുന്നു എന്തുകൊണ്ടെന്നാൽ മോശെ അവന്റെമേൽ കൈവെച്ചു (ആവർത്തനപുസ്തകം 34:9). ഒരു വ്യക്തിയിൽനിന്നും വേറൊരു വ്യക്തിയിലേക്ക് ചില കാര്യങ്ങൾ നിക്ഷേപിച്ചു. നമ്മുടെ ജീവിതത്തിൽ മറ്റുള്ള ജനങ്ങളിലൂടെ നല്ല നിക്ഷേപങ്ങൾ വരുവാൻ കഴിയും. അതുകൊണ്ട്, സോദ്ദേശ്യമായി നമുക്ക് തിരഞ്ഞെടുക്കുവാൻ കഴിയും. ഏതു തരത്തിലുള്ള ജനങ്ങളുമായി നമ്മൾ സമയം ചെലവ

ഴിക്കണമെന്നും നമ്മുടെ ജീവിതത്തിൽ നല്ല കാര്യങ്ങൾ നിക്ഷേപിക്കുവാൻ അവരെ അനുവദിക്കണമെന്നും.

## നമ്മുടെ സ്വന്തജീവിതത്തിൽ കാര്യങ്ങൾ നിക്ഷേപിക്കുവാൻ നമുക്ക് കഴിയും

“സകല ജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽനിന്നല്ലോ ആകുന്നത്” (സദൃശവാക്യങ്ങൾ 4:23).

നമ്മുടെ സ്വന്ത ജീവിതങ്ങളിൽ എന്ത് നിക്ഷേപിക്കണമെന്ന് നമുക്കു തീരുമാനിക്കുവാൻ കഴിയും. നമ്മൾ സദുദ്ദേശ്യത്തോടെ അവിടെ നിക്ഷേപിക്കുന്നു, ദൈവവചനം പഠിച്ചുകൊണ്ടും, ചില ജനങ്ങളോടുകൂടെ സമയം ചെലവഴിച്ചുകൊണ്ടും ചില സ്ഥാനങ്ങളിൽ പരിശീലനം സ്വീകരിച്ചുകൊണ്ടും. നമ്മളിൽ നല്ല ഒരു നിക്ഷേപം ഉള്ളപ്പോൾ നമ്മൾ നമ്മളെത്തന്നെ ഒരു അവസ്ഥയിൽ ആക്കുന്നു അല്ലെങ്കിൽ നമ്മളെത്തന്നെ ഒരു സ്ഥലത്താക്കുന്നു. അവിടെ നമ്മളിലൂടെ നല്ല കാര്യങ്ങൾക്ക് ജനനം കൊടുക്കുവാൻ കഴിയും.

ദൈവം നമ്മളിലൂടെ പുറത്തേക്കുവിടുവാൻ ആഗ്രഹിക്കുന്ന പ്രവൃത്തി നമ്മൾ ഗ്രഹിക്കുവാൻ തുടങ്ങുമ്പോൾ, ആ കാര്യങ്ങളെ നമ്മുടെ ജീവിതത്തിൽ നിക്ഷേപിക്കണം, ദൈവത്തിന്റെ പ്രവൃത്തിക്ക് ജനനം കൊടുക്കുവാൻ അത് സഹായിക്കും. അനേകവഴികളിലൂടെ ഇത് നമുക്ക് ചെയ്യുവാൻ കഴിയും – ദൈവത്തോട് ചോദിച്ചുകൊണ്ട്, നമ്മുടെ ജീവിതത്തിലാവശ്യമായ നിക്ഷേപങ്ങളെ പകർന്നുതരുവാനായി അല്ലെങ്കിൽ ഇത് നമുക്ക് പകർന്നു തരുവാൻ കഴിയുന്ന ജനങ്ങളുമായി സമയം ചെലവഴിച്ചുകൊണ്ട്, അല്ലെങ്കിൽ ആവശ്യമായ പരിശീലനം സ്വീകരിച്ചുകൊണ്ട്. നമ്മളിൽ നിക്ഷേപം ഉണ്ടെങ്കിൽ മാത്രമേ ഇത് വരികയുള്ളൂ. നമ്മളിൽ നേരത്തെതന്നേ നിക്ഷേപിച്ചിട്ടുള്ളതല്ലാതെ, വേറെ യാതൊന്നും നമുക്ക് കൊണ്ടുവരുവാൻ കഴികയില്ല. ഉദാഹരണമായി, നിങ്ങൾ ഒരു

പാസ്റ്റർ ആണ്, പുതിയ ഒരു സഭ സ്ഥാപിച്ചു, സഭ വളരണമെന്ന് ദൈവം ആഗ്രഹിക്കുന്നു, സംഖ്യയിൽ കൂടുതലാകണം, ശക്തമായിത്തീരണം, ദൈവം ആഗ്രഹിക്കുന്ന തരത്തിലുള്ള സഭ ആയിത്തീരണം. ഇങ്ങനെ സംഭവിക്കണമെങ്കിൽ ഏതു തരത്തിലുള്ള നിക്ഷേപം ആണ് ആവശ്യമെന്നുള്ളത് നിങ്ങൾ വേണം തീരുമാനിക്കുവാൻ. ദൈവവചനത്തിന്റെ വലിയ ഒരു നിക്ഷേപം നിങ്ങൾക്ക് ആവശ്യമായി വരും, ദൈവത്തിന്റെ അഭിഷേകത്തിന്റെ വലിയ നിക്ഷേപം ആവശ്യമായി വരും, ശരിയായ തീരുമാനങ്ങൾ എടുക്കുന്നതിനും സഭയെ നയിക്കുന്നതിനും വലിയ ജ്ഞാനം വേണ്ടി വരും, സഭയുടെ പ്രവർത്തനക്ഷമതക്കും നടത്തിപ്പിനും വേണ്ടതായ നല്ല പ്രാപ്തിയും വേണ്ടിവരും. അതുകൊണ്ട്, നിങ്ങൾ വചനം പഠിക്കണം, അഭിഷേകത്തിൽ വർദ്ധിപ്പിക്കണം, സഭയുടെ നല്ല നടത്തിപ്പിനെപ്പറ്റി പഠിക്കണം, ഈ കാര്യങ്ങൾ എല്ലാം നിങ്ങളിൽ നിക്ഷേപിക്കണം, അങ്ങനെ സഭയെ സംബന്ധിച്ചുള്ള കാര്യങ്ങൾക്ക് നിങ്ങളിലൂടെ ജനനം നൽകുവാൻ കഴിയും.

**നിക്ഷേപങ്ങൾ**

- ദൈവം കാര്യങ്ങളെ നമ്മുടെ ജീവിതങ്ങളിൽ നിക്ഷേപിക്കുന്നു
- മറ്റുള്ള ജനങ്ങൾക്ക് കാര്യങ്ങളെ നമ്മുടെ ജീവിതങ്ങളിൽ നിക്ഷേപിക്കുവാൻ കഴിയും
- നമ്മുടെ സ്വന്തജീവിതത്തിൽ നമുക്കു കാര്യങ്ങളെ നിക്ഷേപിക്കുവാൻ കഴിയും

# 4
# പ്രാർത്ഥനയിലൂടെ ജനനം കൊടുക്കുന്നത്

നമ്മുടെ ജീവിതങ്ങളിൽ പ്രാർത്ഥനയിലൂടെ ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് ജനനം കൊടുക്കുന്നു. പ്രാർത്ഥന, ജനനം കൊടുക്കുന്ന പ്രക്രിയയാണ്, അതിനാൽ ദൈവത്തിന്റെ കാര്യങ്ങളെ ഭൂമിയിൽ നിലനിൽക്കുന്നതിന് നമ്മൾ കൊണ്ടുവരുന്നു.

## പ്രാർത്ഥനയിൽ ദൈവത്തിന്റെ ഉദ്ദേശ്യങ്ങളുടെ ഒരു വിവേകം നിങ്ങൾ സ്വീകരിക്കുന്നു

"ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കീട്ടുള്ളത് കണ്ണു കണ്ടിട്ടില്ല ചെവി കേട്ടിട്ടില്ല ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നേ. നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു" (1 കൊരിന്ത്യർ 2:9-10).

"അന്യഭാഷയിൽ സംസാരിക്കുന്നവൻ മനുഷ്യരോടല്ല ദൈവത്തോടത്രേ സംസാരിക്കുന്നു; ആരും തിരിച്ചറിയുന്നില്ലല്ലോ; എങ്കിലും അവൻ ആത്മാവിൽ മർമ്മങ്ങളെ സംസാരിക്കുന്നു" (1 കൊരിന്ത്യർ 14:2).

മാനവജാതിക്കുവേണ്ടിയുള്ള ദൈവത്തിന്റെ പൊതുവായ പദ്ധതികളും ഉദ്ദേശ്യങ്ങളും കൂടാതെ, വ്യക്തികൾ എന്ന നിലക്ക് നമുക്ക് ഓരോരുത്തർക്കും വേണ്ടിയും ദൈവം ഏതാനും കാര്യങ്ങൾ രൂപീകരണം ചെയ്ത് ഒരുക്കിയിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ "നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ട് ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തുപോരേണ്ടതിന് ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു" (എഫെസ്യർ 2:10). നമ്മളിൽ അനേകർക്കും, നമ്മുടെ ജീവിതങ്ങൾക്കായിട്ടുള്ള ദൈവത്തിന്റെ ഉദ്ദേശ്യ

ങ്ങൾ വളരെ വ്യക്തമല്ലായിരിക്കാം, മിക്കവാറും ഒരു രഹസ്യമായി കണ്ടേക്കാം. എന്നാൽ, ദൈവത്തിന്റെ ആത്മാവ് ദൈവത്തിന്റെ മനസ്സ് അറിയുന്നു. ദൈവത്തിന്റെ ആഴമേറിയ എല്ലാകാര്യങ്ങളെയും ദൈവാത്മാവ് അറിയുന്നു, പൂർണ്ണമായി ദൈവത്തിന്റെ പദ്ധതികളെയും ഉദ്ദേശ്യങ്ങളെയും അറിഞ്ഞിരിക്കുന്നു, എന്തുകൊണ്ടെന്നാൽ അവൻ തന്നെ ദൈവം ആകുന്നു. പരിശുദ്ധാത്മാവ് ദൈവത്തിന്റെ പദ്ധതികളും ഉദ്ദേശ്യങ്ങളും നമുക്ക് വെളിപ്പെടുത്തിത്തരും. ഇത് പതിവായി സംഭവിക്കുന്നത് പ്രാർത്ഥനയിലാണ്.

## ആത്മാവിൽ പ്രാർത്ഥിക്കുമ്പോൾ നിങ്ങൾ ദൈവത്തിന്റെ ഉദ്ദേശ്യങ്ങളുടെ നിലനിൽപ്പിനായി പ്രാർത്ഥിക്കുന്നു

അന്യഭാഷയിൽ പ്രാർത്ഥിക്കുന്നതിന്റെ ശക്തിയേറിയ പ്രയോജനം (അല്ലെങ്കിൽ ആത്മാവിൽ പ്രാർത്ഥിക്കുന്നതിന്റെ) നമ്മൾ രഹസ്യങ്ങൾ പ്രാർത്ഥിക്കുന്നു എന്നതാണ്. നമ്മൾ ആത്മാവിൽ പ്രാർത്ഥിക്കുമ്പോൾ, നമ്മളുടെ സ്വന്ത ജീവിതങ്ങൾക്കു വേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതികളും ഉദ്ദേശ്യങ്ങളുമാണ് പ്രാർത്ഥിക്കുന്നത്, അത് ആ നിമിഷത്തിൽ ഒരു രഹസ്യം ആയിരിക്കാം അല്ലെങ്കിൽ നമുക്കുമറഞ്ഞിരിക്കുന്ന ഒരു കാര്യമായിരിക്കാം.

പ്രാർത്ഥനയിൽ, നമ്മളിലൂടെ ജനനം നൽകുവാൻ ദൈവം ആഗ്രഹിക്കുന്ന കാര്യങ്ങൾ ദൈവം നമുക്ക് വെളിപ്പെടുത്തിത്തരുന്നു. നമ്മൾ പ്രാർത്ഥിക്കുമ്പോൾ, ഗർഭധാരണം നടക്കുന്നു, ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ നമ്മുടെ ആത്മാവിൽ ഗർഭം ധരിപ്പിക്കുന്നു. നമ്മൾ ആത്മാവിൽ തുടർച്ചയായി പ്രാർത്ഥിക്കുമ്പോൾ, ആത്മീയതലത്തിൽ ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് നമ്മൾ രൂപം നൽകുന്നു. എന്നിട്ടും, ജനനം അല്ലെങ്കിൽ പ്രസവം നടന്നിട്ടില്ലായിരിക്കാം. എന്നാൽ, ഗർഭധാരണം മുതൽ പ്രസവം വരെ, ഗർഭധാരണത്തിന്റെ ഒരു കാലഘട്ടം ഉണ്ട് അല്ലെങ്കിൽ വളർച്ചയുടെ ഒരു കാലഘട്ടം – ഉള്ളിലെ വളർച്ച, കാണാൻ പാടില്ലാത്ത തലത്തിലെ വളർച്ച. നമ്മൾ ആത്മാവിൽ പ്രാർത്ഥിക്കുമ്പോൾ ഇതാണ് സംഭവിക്കുന്നത്.

കാണാൻ കഴിയുന്ന ഒരു മാറ്റവും നമുക്ക് കാണാൻ കഴിയത്തില്ലായിരിക്കാം, എന്നാൽ ആത്മീയതലത്തിൽ, ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് രൂപം നൽകപ്പെടുകയും സംഘടിപ്പിക്കപ്പെടുകയും ചെയ്യുന്നു, ഭൂമിയിൽ അതിനെ വെളിപ്പെടുത്താനുള്ള സമയത്തോട് അടുത്തും വരുന്നു. അതുകൊണ്ട് നമുക്ക് ഒരു ആശയം അല്ലെങ്കിൽ ഒരു വീക്ഷണം ലഭിക്കുമ്പോൾ, നമ്മളിലൂടെ പുറത്തേക്കുവിടാൻ ദൈവം ആഗ്രഹിക്കുന്ന കാര്യങ്ങളെ ദൈവം നമുക്ക് വെളിപ്പെടുത്തുമ്പോൾ അവയ്ക്കുവേണ്ടി പ്രാർത്ഥിക്കുവാൻ നമ്മൾ സമയം ചെലവഴിക്കണം. ശരിയായ സമയത്ത്, സമയത്തിന്റെ പൂർണ്ണതയിൽ, ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് ഭൂമിയിലേക്ക് ജനനം കൊടുക്കപ്പെടും.

## പ്രാർത്ഥന നമ്മുടെ ഇഷ്ടം ദൈവത്തിന്റെ ഇഷ്ടത്തോട് പൊരുത്തപ്പെടുന്നു

"ക്രിസ്തു തന്റെ ഐഹികജീവകാലത്ത് തന്നെ മരണത്തിൽനിന്ന് രക്ഷിപ്പാൻ കഴിയുന്നവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയയാചനയും കഴിക്കയും ഭയഭക്തിനിമിത്തം ഉത്തരം ലഭിക്കയും ചെയ്തു. പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു (എബ്രായർ 5:7).

"എന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു; ഇവിടെ താമസിച്ച് എന്നോടുകൂടെ ഉണർന്നിരിപ്പിൻ എന്ന് അവരോട് പറഞ്ഞു. പിന്നെ അവൻ അല്പം മുമ്പോട്ട് ചെന്ന് കമിഴ്ന്നു വീണു; പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്ന് നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കുംപോലെ അല്ല, നീ ഇച്ഛിക്കുംപോലെ ആകട്ടെ എന്ന് പ്രാർത്ഥിച്ചു. രണ്ടാമതും പോയി: പിതാവേ, ഞാൻ കുടിക്കാതെ അത് നീങ്ങിക്കൂടാ എങ്കിൽ, നിന്റെ ഇഷ്ടം ആകട്ടെ എന്ന് പ്രാർത്ഥിച്ചു" (മത്തായി 26:38, 39, 42).

ദൈവത്തിന്റെ പുത്രൻ അനുസരണം പഠിക്കണം എന്ന സത്യം ഗ്രഹിക്കുവാൻ നമ്മളുടെ മനസ്സിന് പ്രയാസമാണ്. എന്നാൽ, മുകളിലത്തെ വാക്യങ്ങൾ നമുക്ക് വെളിപ്പെടുത്തിത്തരുന്നു. പുത്രന് “ദൈവഭയം” ഉണ്ടായിരുന്നെന്ന് അല്ലെങ്കിൽ പിതാവിനോട് “ഭയഭക്തി” ഉണ്ടായിരുന്നെന്ന്. ഗെദ്സമെന തോട്ടത്തിൽ, യേശു താൻ മരിക്കണം എന്നുള്ള യാഗോചിത മരണത്തെ മുഖാമുഖമായി അഭിമുഖീകരിച്ചപ്പോൾ, കഠിനമായി വിഷമിക്കുന്ന സമയത്തെ പ്രാർത്ഥനയിലൂടെയും കേണപേക്ഷിക്കലിലൂടെയും ഉറക്കെ നിലവിളിച്ചപ്പോൾ അവൻ ഇങ്ങനെ പറയുന്ന ഒരു സ്ഥാനത്ത് വന്നു “അതെ,” നിന്റെ ഇഷ്ടംപോലെ ആകട്ടെ. അതിശ്രദ്ധയോടുകൂടിയ ആ സമയത്തെ പ്രാർത്ഥനയിലൂടെയാണ്, അവന്റെ ഇഷ്ടം പൂർണ്ണമായി ദൈവത്തിന്റെ ഇഷ്ടത്തോട് പൊരുത്തപ്പെട്ടത്, മരണത്തോളം അനുസരണമുള്ളവനായിരുന്നതുകൊണ്ട്. അതുപോലെ തന്നെ നമ്മുടെ ജീവിതങ്ങളിലും, വളരെ പതിവായി, നമ്മളും ഒരു പ്രാർത്ഥനയുടെ സമയത്തിൽ പ്രവേശിക്കും, അവിടെ നമ്മളുടെ ഇഷ്ടം പൂർണ്ണമായും ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നതിന് കീഴടങ്ങുവാൻ സാധിക്കാതെ എന്നാൽ പിതാവിന്റെ സാന്നിദ്ധ്യത്തിൽ ഒരു പ്രാർത്ഥനയുടെ സമയത്തിലൂടെ നമ്മൾ പോകുമ്പോൾ, വളരെ പതിവായി നമ്മൾ ആവിർഭവിക്കും, നമ്മളുടെ ഇഷ്ടം പൂർണ്ണമായി ദൈവത്തിന്റെ ഇഷ്ടത്തോട് പൊരുത്തപ്പെടത്തക്കവണ്ണം. നമ്മുടെ പ്രാർത്ഥനയുടെ സമയത്തിൽനിന്നും വന്നു നമ്മൾ പറയും, “ദൈവമേ, നിന്റെ ഹിതം നടക്കട്ടെ.”

ഇങ്ങനെ, പ്രാർത്ഥന ജനനം നൽകുവാൻ മാത്രമല്ല സഹായിക്കുന്നത്, കാണുവാൻ സാധിക്കാത്ത തലത്തിൽ ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് ആകൃതിയും രൂപവും കൊടുക്കുന്നു, സ്വാഭാവികമായതിൽ പുറത്തേക്ക് വിടാൻ തയ്യാറാകുന്നതുവരെ; എന്നാൽ നമ്മുടെ ഇഷ്ടം ദൈവത്തിന്റെ ഇഷ്ടത്തോട് അനുരൂപപ്പെടുത്താനും കൂടെ സഹായിക്കുന്നു, അങ്ങനെ അവന്റെ ഉദ്ദേശ്യം ഈ ഭൂമിയിൽ നിവർത്തിക്കുവാൻ നമ്മൾ തയ്യാറാവുന്നു.

## പ്രാർത്ഥന

- പ്രാർത്ഥനയിൽ, ദൈവത്തിന്റെ ഉദ്ദേശ്യങ്ങളെക്കുറിച്ചുള്ള ഒരു വിവേകം നിങ്ങൾ സ്വീകരിക്കുന്നു.
- ആത്മാവിൽ പ്രാർത്ഥിക്കുമ്പോൾ, ദൈവത്തിന്റെ ഉദ്ദേശ്യങ്ങളുടെ നിലനിൽപിനുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുന്നു.
- പ്രാർത്ഥന നിങ്ങളുടെ ഇഷ്ടം ദൈവത്തിന്റെ ഇഷ്ടത്തോട് പൊരുത്തപ്പെടുത്തുന്നു

# 5
# സംസാരിച്ച വചനം

നമ്മൾ സംസാരിക്കുന്ന വചനങ്ങൾ വളരെ പതിവായി ഭൂമിയിൽ ദൈവത്തിന്റെ ഇഷ്ടവും ഉദ്ദേശ്യവും അനുഷ്ഠിക്കുന്നതിനുള്ള ഉപകരണങ്ങളാണ്. നമ്മളുടെ വചനങ്ങൾ ഇപ്പോൾ സ്വാധീനിക്കുകയും രൂപം കൊടുക്കുകയും മാത്രമല്ല എന്നാൽ നമ്മളുടെ ഭാവിയിലും.

## ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് നിങ്ങളുടെ ജീവിതത്തെ ജ്വലിപ്പിക്കുവാൻ വചനങ്ങൾ പുറത്തേക്കു വിടുക

"നാവും ഒരു തീ തന്നേ; അത് നമ്മുടെ അംഗങ്ങളുടെ കൂട്ടത്തിൽ അനീതി ലോകമായി ദേഹത്തെ മുഴുവൻ മലിനമാക്കി ജീവചക്രത്തിനു തീ കൊളുത്തുകയും നരകത്താൽ അതിനു തീ പിടിക്കയും ചെയ്യുന്നു" (യാക്കോബ് 3:6).

നാവിനെ പരാമർശിച്ചിരിക്കുന്നത് തീയോടാണ്, നാവിനു വലിയ സ്വാധീനം ചെലുത്താമെന്നാണ് സൂചിപ്പിക്കുന്നത്. ഈ വാക്യം നിയതമായി 'ദോഷ'മായ ഒരു നാവിനെപ്പറ്റിയാണ് പറയുന്നത് - ദോഷം സംസാരിക്കുന്ന ഒരു നാവ്.

ദോഷമായ ഒരു നാവ് പാപത്തിന്റെ ഒരു 'ലോകം' ആയിരിക്കുന്നതുപോലെ നല്ല ഒരു നാവ് അനുഗ്രഹത്തിന്റെ ഒരു 'ലോകം' ആണ് (യാക്കോബ് 3:6). ദോഷമായ ഒരു നാവ് ശരീരത്തെ മുഴുവനും മലിനപ്പെടുത്തുന്നതുപോലെ നല്ല ഒരു നാവ് ശരീരത്തെ മുഴുവനും അനുഗ്രഹിക്കുന്നു. അതിപ്രധാനമായ സന്ദേശം ഇതാണ്: നമ്മുടെ നാവ് നമ്മുടെ ശരീരത്തെ മുഴുവനും ബാധിക്കുന്നു. നമ്മളുടെ നിലനിൽപിന്റെ ഗതിയെ സ്വാധീനിക്കുന്നത് നമ്മളുടെ നാവാണ്. നമ്മുടെ ജീവിതത്തെ "ജ്വലിപ്പിക്കുന്നത്" നമ്മുടെ നാവാണ്.

നമ്മൾ സംസാരിക്കുന്ന വചനത്താലാണ് നമ്മുടെ നാവ് സ്വാധീനപ്പെടുന്നത്.

ദോഷമായ ഒരു നാവിന് തീ കൊടുക്കുന്നു അല്ലെങ്കിൽ നരകത്താൽ അതിന് തീ പിടിക്കുന്നു. എന്നാൽ അനുഗ്രഹത്തിന്റെയും അഭിഷേകത്തിന്റെയും 'ലോകം' ആയ ഒരു നാവ്, അതിന് തീ കൊടുക്കുന്നത് ദൈവം ആണ്, അവന്റെ വചനവും അവന്റെ ആത്മാവും. ഈ നാവ് ശരീരത്തെ മുഴുവനും അനുഗ്രഹിക്കും. ഈ നാവ് നമ്മൾക്ക് വേണ്ടിയുള്ള ദൈവത്തിന്റെ അനുഗ്രഹങ്ങൾക്കായി നമ്മുടെ ജീവിതത്തെ ജ്വലിപ്പിക്കും. ഈ നാവ് ഭൂമിയിൽ ദൈവത്തിന്റെ ഉദ്ദേശ്യങ്ങളെ പുറത്തേക്ക് വിടും.

ഒരു നാവിന് ഒന്നുകിൽ അതിക്രമങ്ങളുടെ ഒരു ലോകം ആകുവാൻ കഴിയും അല്ലെങ്കിൽ അനുഗ്രഹത്തിന്റെ ഒരു ലോകം. നമ്മൾ സംസാരിക്കുന്ന വചനങ്ങളിലൂടെയാണ് നമ്മൾ ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് ജനനം കൊടുക്കുന്നത്. ദൈവത്തിന്റെ പദ്ധതിയും ഉദ്ദേശ്യങ്ങളും അനുസരിച്ച്, നമ്മുടെ നിലനിൽപ്പിന്റെ ഗതിക്ക് "തീ കൊടുക്കുവാൻ" തക്കതായ വചനങ്ങളെ നമ്മൾ പുറത്തേക്ക് വിടേണ്ടതാവശ്യം ആണ്. നമ്മുടെ നിലനിൽപ്പിനുവേണ്ടി ദൈവത്തിന്റെ കാര്യങ്ങൾ നമ്മൾ സംസാരിക്കേണ്ടതാവശ്യമാണ്.

## ദൈവത്തിന്റെ വചനം സംസാരിച്ചുകൊണ്ട് നിങ്ങളുടെ ലോകത്തിന് ആകൃതി കൊടുക്കുക

"ഈ കാണുന്ന ലോകത്തിനു ദൃശ്യമായതല്ല കാരണം എന്നു വരുമാറ് ലോകം ദൈവത്തിന്റെ വചനത്താൽ നിർമ്മിക്കപ്പെട്ടു എന്നു നാം വിശ്വാസത്താൽ അറിയുന്നു" (എബ്രായർ 11:3).

പ്രകൃതിപരമായത് ഉണ്ടാക്കിയത് ആത്മികമായതിൽനിന്നുമാണ്. കാണുന്നത് വന്നത് അദൃശ്യമായതിൽ നിന്നുമാണ്. അദൃശ്യമായത് അല്ലെങ്കിൽ ആത്മീയപദാർത്ഥം, സ്വാഭാവികമായതിന് ജനനം നൽകുവാൻ ഉപയോഗിച്ചത് സംസാരിച്ച ദൈവവചനം ആയിരുന്നു. ഇങ്ങനെ, ദൈവവചനം ആണ് ആകൃതിയും രൂപവും

വരുത്തുന്നതും, ജനനം നൽകുന്നതും, സൃഷ്ടിച്ചു നിലനിൽപ്പിൽ കൊണ്ടുവരുന്നതും, സ്വാഭാവികതലത്തിലെ കാര്യങ്ങളാണ്. നമ്മുടെ ജീവിതങ്ങളിൽ ദൈവത്തിന്റെ വചനം സംസാരിക്കുന്നതിനും, അത് എങ്ങനെ വേണമെന്നുള്ള വഴി തീരുമാനിക്കുന്നതിനും ദൈവം നമുക്ക് അധികാരവും കഴിവും തന്നിട്ടുണ്ട്.

ദൈവത്തിന്റെ സ്വപ്നങ്ങളും, പദ്ധതികളും, ഉദ്ദേശ്യങ്ങളും നമ്മുടെ ജീവിതത്തോട് സംസാരിക്കുക.

## സംസാരിച്ച വചനം

- ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്കുവേണ്ടി നിങ്ങളുടെ ജീവിതത്തെ ജ്വലിപ്പിക്കുന്നതായ വചനങ്ങൾ പുറത്തേക്ക് വിടുക.
- ദൈവവചനം സംസാരിച്ചുകൊണ്ട് നിങ്ങളുടെ ലോകത്തിന് ആകൃതി കൊടുക്കുക.
- ദൈവത്തിന്റെ സ്വപ്നങ്ങളെയും പദ്ധതികളെയും ഉദ്ദേശ്യങ്ങളെയും നിങ്ങളുടെ ജീവിതത്തോട് സംസാരിക്കുക

## 6

# മുഷിഞ്ഞു പ്രവർത്തിക്കുന്ന പ്രവൃത്തി

“മടിയുള്ള കൈകൊണ്ട് പ്രവർത്തിക്കുന്നവൻ ദരിദ്രനായിത്തീരുന്നു; ഉത്സാഹിയുടെ കയ്യോ സമ്പത്തുണ്ടാക്കുന്നു” (സദൃശവാക്യങ്ങൾ 10:4).

“മടിയൻ കൊതിച്ചിട്ട് ഒന്നും കിട്ടുന്നില്ല; ഉത്സാഹികളുടെ പ്രാണനോ പുഷ്ടിയുണ്ടാകും” (സദൃശവാക്യങ്ങൾ 13:4).

“എങ്കിലും ഞാൻ ആകുന്നത് ദൈവകൃപയാൽ ആകുന്നു; എന്നോടുള്ള അവന്റെ കൃപ വ്യർത്ഥമായതുമില്ല; അവരെല്ലാവരെക്കാളും ഞാൻ അത്യന്തം അദ്ധ്വാനിച്ചിരിക്കുന്നു; എന്നാൽ ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ” (1 കൊരിന്ത്യർ 15:10).

സ്വപ്നങ്ങൾ ഒരു യാഥാർത്ഥ്യമായിത്തീരുകയില്ല, ഒരുവൻ അവരുടെ സ്വപ്നങ്ങളെ രക്തത്തോടും, വിയർപ്പിനോടും, കണ്ണുനീരിനോടും സംയോജിപ്പിക്കുവാൻ മനസ്സുള്ളവരായിത്തീരുന്നതുവരെ. ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് ജനനം കൊടുക്കുവാൻ നമ്മുടെ ഭാഗത്തുനിന്നും മുഷിഞ്ഞു പ്രവർത്തിക്കുന്ന പ്രവൃത്തി ആവശ്യമാണ്.

“കണ്ണുനീരോടെ വിതക്കുന്നവർ ആർപ്പോടെ കൊയ്യും” (സങ്കീർത്തനങ്ങൾ 126:5). നമുക്ക് ഒരിക്കലും “സന്തോഷത്തോടെ കൊയ്യുവാൻ” കഴിയുകയില്ല, “കണ്ണുനീരിൽ വിതക്കുവാൻ” ആദ്യം നമ്മൾ മനസ്സുവെക്കുന്നതുവരെ. ദൈവം തന്നതായ ഒരു ദർശനമോ സ്വപ്നമോ നമുക്കുണ്ടായിരിക്കാം, എന്നാൽ അത് സംഭവിക്കണം എങ്കിൽ നമ്മുടെ ഭാഗത്തുനിന്നും ദുഷ്കരമായ ബുദ്ധിമുട്ടുകളും അർപ്പിതമനസ്സായ പ്രയത്നങ്ങളും ഉണ്ടെങ്കിലേ സാധിക്കുകയുള്ളൂ. നമ്മൾ ഒരു ഇഷ്ടിക മറ്റൊന്നിന്റെ പുറത്തുവെക്കു

മ്പോൾ പെട്ടെന്ന് ഒരു കാറ്റിന്റെ അതിക്രമിച്ച ഗമനം ഉണ്ടായി കുറച്ച് ഇഷ്ടികകളെ താഴേക്ക് വീഴിച്ചേക്കാം. എന്നാൽ അവയെ നമ്മൾ പെറുക്കിയെടുത്തു, വീണ്ടും പണിയണം, മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കണം. ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് ജനനം കൊടുക്കുവാൻ കുറച്ച് മുഷിഞ്ഞു പ്രവർത്തിക്കുന്ന പ്രവൃത്തി ചെയ്യണം.

ദൈവം നമ്മളെ വിളിച്ചിരിക്കുന്നത് സ്വപ്നം കണ്ടുകൊണ്ടിരിക്കുവാനല്ല മറിച്ച് ദൈവരാജ്യത്തിനുവേണ്ടി വേലക്കാരായിരിക്കുവാനാണ്. ശുശ്രൂഷയുടെ പ്രവൃത്തി ചെയ്യുവാനാണ് നമ്മളെ വിളിച്ചിരിക്കുന്നത്, ശുശ്രൂഷയുടെ പ്രവൃത്തിയെ സ്വപ്നം കണ്ടുകൊണ്ടിരിക്കുവാനല്ല. എല്ലാ വൈഷമ്യങ്ങളിലൂടെയും പോരാട്ടങ്ങളിലൂടെയും പ്രവൃത്തി ചെയ്തുകൊണ്ടിരിക്കണം, എന്നാൽ സ്വപ്നം യാഥാർത്ഥ്യമായിത്തീരും.

നമ്മളിൽ ഓരോരുത്തരിലൂടെയും ജനനം കൊടുക്കുവാൻ ദൈവത്തിന് ഉദ്ദേശ്യങ്ങളുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഇങ്ങനെ പറഞ്ഞുകൊണ്ട് സ്വർഗ്ഗത്തിൽ പോകരുത് “ദൈവമേ ഞാൻ വലിയ കാര്യങ്ങൾ സ്വപ്നം കണ്ടു, എന്നാൽ, ഒന്നും പൂർത്തിയാക്കാൻ എനിക്കു കഴിഞ്ഞില്ല.” നമുക്ക് സ്വർഗ്ഗത്തിൽ പോകേണ്ടത് ആവശ്യമാണ്, ഭൂമിയിൽ നമ്മിലൂടെ ജനനം നൽകുവാൻ ദൈവം ആഗ്രഹിച്ചതെല്ലാം, അതിന് നാം ജനനം കൊടുത്തു എന്നറിഞ്ഞുകൊണ്ട്.

**മുഷിഞ്ഞു പ്രവർത്തിക്കുന്ന പ്രവൃത്തി**

- സ്വപ്നങ്ങൾ യാഥാർത്ഥ്യമായിത്തീരുന്നു വിയർക്കുമാറ് വേല ചെയ്യുമ്പോൾ
- മുഷിഞ്ഞു പ്രവർത്തിക്കുന്ന പ്രവൃത്തി ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് ജനനം കൊടുക്കുന്നു
- നമ്മുടെ ജീവിതങ്ങൾക്കുവേണ്ടി നമുക്ക് ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കാം

# ബൈബിൾ കോളേജ്

എല്ലാ ജനങ്ങളുടെയും സഭ, ബൈബിൾ കോളേജ്, പൗരോഹിത്യ പരിശീലന കേന്ദ്രം ഇവ ആരംഭിച്ചത് 2005 ആഗസ്റ്റുമാസത്തിലാണ്. വിശ്വസ്തരും കഴിവും ഉള്ള പുരുഷന്മാരെയും സ്ത്രീകളെയും പരിശീലിപ്പിച്ചു ഒരുക്കി ഇൻഡ്യയുടെ പല ഭാഗങ്ങളിലേക്കും ലോകത്തിലെ മറ്റു രാജ്യങ്ങളിലേക്കും അയയ്ക്കുക എന്നതാണ് ബൈബിൾ കോളേജിന്റെ ചുമതല. അതുപോലെ യേശുക്രിസ്തുവിനുവേണ്ടി ഗ്രാമങ്ങളിലും പട്ടണങ്ങളിലും നഗരങ്ങളിലും രാജ്യങ്ങളിലും സ്വാധീനം വരുത്തുവാനും.

**2 പരിപാടികൾ ആണ് ഇവിടെ നടത്തുന്നത്.**

→ രണ്ടുവർഷത്തെ ബൈബിൾ കോളേജ് പരിപാടി കുട്ടികൾക്കു മുഴുവൻ സമയവും. പൗരോഹിത്യ ശുശ്രൂഷയ്ക്കായി സർവ്വകലാശാല സംബന്ധമായി മേന്മയോടുകൂടി ആത്മീകമായും പ്രവർത്തനപരമായും പരിശീലനം നൽകപ്പെടുന്നു. പഠനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് തിയോളജിയിലും ക്രിസ്ത്യൻ മിനിസ്ട്രിയിലും ഡിപ്ലോമ ലഭിക്കുന്നു.

→ ബൈബിൾ കോളേജിലെ പഠിത്തം പൂർത്തിയാക്കിയവർ ആഗ്രഹിക്കുന്നുവെങ്കിൽ അവർക്കു പ്രവർത്തനപരമായ പരിശീലനം കൊടുക്കുന്നു. ഒരു വർഷമോ രണ്ടു വർഷമോ പരിശീലനം ലഭിച്ചവർക്ക് പ്രവർത്തനപരമായ പരിശീലനത്തിന്റെ സർട്ടിഫിക്കറ്റു കൊടുക്കുന്നു. എത്ര നാളാണ് പരിശീലനം ലഭിച്ചു എന്നുള്ളത് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നു.

ഇംഗ്ലീഷിലാണ് ക്ലാസ്സുകൾ നടത്തുന്നത്. ദൈവവചനത്തിൽ നല്ല പരിശീലനം നേടിയവരും അഭിഷിക്തരുമായ അദ്ധ്യാപക രാണ് കോളേജിലുള്ളത്. കോളേജിലെ എല്ലാ അദ്ധ്യാപകരുടെയും കുട്ടികളുടെയും ഉപയോഗത്തിനായി ഏ.പി.സി. സ്റ്റഡി സെന്ററും ലൈബ്രറിയും ഉണ്ട്.

# പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് ജനനം കൊടുക്കുന്നത്

നിങ്ങളെ വിളിക്കുന്നതിൽ വിട്ടു വീഴ്ച ചെയ്യരുതു

സത്യസന്ധത

എല്ലാ ഉദ്ദേശ്യത്തിനും ഒരു സമയം

നിങ്ങളുടെ ജീവിതത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്നതു

ഉണർവ്വ് ഒരു സഭ ഉണർവിൽ

സ്വർഗ്ഗം സത്യമായും വിളിക്കപ്പെട്ട സ്ഥലം

ജോലിയെക്കുറിച്ചു വേദപുസ്തകപരമായ നിലപാട്

വ്യക്തിപരമായും തലമുറയായും ഉള്ള അടിമത്തങ്ങൾ വേർപ്പെടുത്തുന്നത്

മാറ്റം

ദൈവസാന്നിദ്ധ്യം

ദൈവത്തിന്റെ വചനം

നമ്മൾ പ്രത്യേകമായവരാണ്

പ്രത്യാശ നഷ്ടപ്പെടുത്തരുത്

ശുദ്ധീകരിക്കുന്നവന്റെ തീ

ദൈവരാജ്യം

തുറന്ന സ്വർഗ്ഗങ്ങൾ

വിശുദ്ധന്മാരെ ഒരുക്കുന്നത്

ചുമതലപ്പെടുത്തലിന്റെ ശക്തി

# എല്ലാ ജനങ്ങളുടെയും സഭയെക്കുറിച്ച്

ബാംഗ്ലൂർ നഗരത്തിൽ ഉപ്പായും വെളിച്ചമായും ഇരിക്കുവാനും ഇൻഡ്യാരാജ്യത്തിലും ലോകത്തിലെ എല്ലാ രാജ്യങ്ങളിലും ശബ്ദമായിരിക്കുവാനുമാണ് എല്ലാ ജനങ്ങളുടെയും സഭയുടെ ദർശനം.

പരിശുദ്ധാത്മാവിന്റെ പൂർണ്ണ അഭിഷേകത്തിലും പൂർണ്ണ നടത്തിപ്പിലും സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുവാനും പ്രബോധിപ്പിക്കുവാനും പഠിപ്പിക്കുവാനും ഉപദേശിക്കുവാനുമാണ് സഭ ചുമതലപ്പെട്ടിരിക്കുന്നത്. ശക്തിയോടും പരിശുദ്ധാത്മാവോടും ബഹുനിശ്ചയത്തോടും സത്യവചനത്തെ പ്രസംഗിക്കുന്നതിന് തുല്യമായി വേറെ യാതൊന്നും ഇന്നത്തെ ആധുനിക യുഗത്തിൽ ഇല്ലെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത് (1 തെസ്സലൊനിക്യർ 1:5) ഞങ്ങളുടെ ചിന്താവിഷയം യേശുവാണ്. ഞങ്ങളുടെ സന്തുഷ്ടി ദൈവവചനമാണ്. ഞങ്ങളുടെ പ്രമാണം പരിശുദ്ധാത്മ ശക്തിയാണ്. ഞങ്ങളുടെ ശക്തിമത്തായ വികാരം ജനങ്ങളാണ്. ഞങ്ങളുടെ ലക്ഷ്യം ക്രിസ്തുവിനെപ്പോലെയുള്ള പക്വതയാണ്. ഞങ്ങളുടെ സ്വന്തമായി ഞങ്ങൾ പ്രസംഗിക്കത്തില്ല. എന്നാൽ യേശുവിനുവേണ്ടി കർത്താവായ യേശുക്രിസ്തുവും ഞങ്ങളും നിങ്ങളുടെ ശുശ്രൂഷക്കാരായിരിക്കുന്നു. ഞങ്ങൾ യേശുവിനെ പ്രസംഗിക്കുന്നു. എല്ലാവർക്കും താക്കീതു കൊടുത്ത് എല്ലാ ജ്ഞാനത്തോടെയും പഠിപ്പിക്കുന്നത് യേശുക്രിസ്തുവിൽ എല്ലാവരെയും പരിപൂർണ്ണരാക്കിത്തീർക്കണം എന്നാണ്. (യേശുവിനെപ്പോലെ പക്വത) (2 കൊരിന്ത്യർ 4:5, കൊലൊസ്യർ 1:28).

ഈ പുസ്തകം വായിച്ച് നിങ്ങൾ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഈ പുസ്തകം നിങ്ങൾക്കുവേണ്ടിയുള്ള ഞങ്ങളുടെ ഒരു 'സമ്മാനം' ആണ്. ഇത് സൗജന്യം ആണ്.

നിങ്ങളെപ്പോലെയുള്ള ആയിരങ്ങൾക്കു ഈ പുസ്തകം സൗജന്യമായി കൊടുത്തുകൊണ്ടിരിക്കുന്നു. അനേകരോടു ദൈവ വചനം അറിയിക്കുവാൻ ധനപരമായി നിങ്ങൾ ഞങ്ങളുടെ ഒരു പങ്കാളി ആകണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. തുടർച്ചയായുള്ള നിങ്ങളുടെ ധനസഹായം അനേകരെ ദൈവവചനം അറിയിക്കുവാൻ സാധിക്കും. കർത്താവു നയിക്കുന്നതനുസരിച്ചു എല്ലാ ജനങ്ങളുടെയും സഭയിലെ ഒരു പങ്കാളിയാകുക. നിങ്ങളുടെ സംഭാവനകൾ ചെക്ക് / ഡ്രാഫ്റ്റ് / മണിഓർഡർ ആയി "എല്ലാ ജനങ്ങളുടെയും സഭ ബാംഗ്ലൂർ" ലേക്കു അയച്ചുതരിക. നിങ്ങൾ ഞങ്ങൾക്കു എഴുതുമ്പോൾ വേറെ പുസ്തകങ്ങളും ആവശ്യപ്പെടുക. ഈ പുസ്തകം നിങ്ങൾക്കു എത്രമാത്രം പ്രയോജനം ആയെന്നും നിങ്ങളുടെ പ്രാർത്ഥനാവശ്യങ്ങളും അഭിപ്രായങ്ങളും അറിയിക്കുക.

## സമ്പർക്ക വിവരം:

**All Peoples Church & World Outreach**
2nd Floor, No 7M, 2nd Block,
HRBR Layout, Kalyan Nagar,
Bangalore - 560 043

Phone: +91 - 80 - 65970617
Email : contact@apcwo.org
Website : www.apcwo.org

# ഇൻഡ്യയിൽ എല്ലാ ജനങ്ങളുടെയും സഭയുള്ള സ്ഥലങ്ങൾ

താഴെ കൊടുത്തിരിക്കുന്ന ഇടങ്ങളിൽ എല്ലാ ജനങ്ങളുടെയും സഭയുണ്ട്.

എല്ലാ ജനങ്ങളുടെയും സഭ – ബാംഗ്ലൂർ (കർണ്ണാടക)

എല്ലാ ജനങ്ങളുടെയും സഭ – തൊക്കോട്ട്, മാംഗ്ലൂർ (കർണ്ണാടക)

എല്ലാ ജനങ്ങളുടെയും സഭ – കല്യാൺ, മുംബൈ (മഹാരാഷ്ട്ര)

എല്ലാ ജനങ്ങളുടെയും സഭ – വിശാഖപട്ടണം (ആന്ധ്രാപ്രദേശ്)

എല്ലാ ജനങ്ങളുടെയും സഭ – തേജ്പൂർ (ആസ്സാം)

എല്ലാ ജനങ്ങളുടെയും സഭ – ബെർഹാംപൂർ (ഒറീസ്സാ)

എല്ലാ ജനങ്ങളുടെയും സഭ – നാഗ്പൂർ (മഹാരാഷ്ട്ര)

പുതിയ സഭകൾ ഇൻഡ്യയുടെ പലയിടങ്ങളിലും സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. എല്ലാ ജനങ്ങളുടെയും സഭകളുടെ ഇടങ്ങളും, നിലവിലുള്ള ലിസ്റ്റും ബന്ധപ്പെടുവാനുള്ള വിവരങ്ങളും അറിയേണ്ടതിന് ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക.

www.apcwo.org or
send an email to contact@apcwo.org

# നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾക്ക് അറിയാമോ?

2010 വർഷങ്ങൾക്കു മുമ്പ് ദൈവം ഒരു മനുഷ്യനായി ഈ ഭൂമിയിൽ വന്നു. അവന്റെ പേരാണ് യേശു. പാപംകൂടാതെ പരിപൂർണ്ണമായ ഒരു ജീവിതം യേശു ജീവിച്ചു. യേശു ജഡത്തിൽ ദൈവമായിരുന്നതുകൊണ്ട് യേശു ചെയ്യുകയും പറയുകയും ചെയ്ത എല്ലാ കാര്യങ്ങളിലൂടെയും ദൈവത്തെ നമുക്ക് വെളിപ്പെടുത്തിത്തന്നു. യേശു സംസാരിച്ച എല്ലാ വചനങ്ങളും ദൈവത്തിന്റെ വചനങ്ങളായിരുന്നു. യേശു ചെയ്ത എല്ലാക്കാര്യങ്ങളും ദൈവത്തിന്റെ പ്രവൃത്തികൾ ആയിരുന്നു. ഒത്തിരി അത്ഭുതങ്ങൾ യേശു ഭൂമിയിൽ പ്രകടിപ്പിച്ചു. രോഗികളെയും കഷ്ടം അനുഭവിക്കുന്നവരെയും യേശു സൗഖ്യമാക്കി. യേശു കുരുട്ടുകണ്ണുകളെ തുറന്നു. ചെകിടരെ കേൾക്കുമാറാക്കി. മുടന്തരെ നടക്കുമാറാക്കി. എല്ലാവിധ വ്യാധികളെയും രോഗങ്ങളെയും സൗഖ്യമാക്കി. അത്ഭുതകരമായി, അഞ്ച് അപ്പം കൊണ്ട് അനേകായിരങ്ങളുടെ വിശപ്പടക്കി. കൊടുങ്കാറ്റിനെ ശാസിച്ചമർത്തി. അങ്ങനെ മറ്റനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചു.

ഈ പ്രവൃത്തികൾ എല്ലാം നമുക്ക് വെളിപ്പെടുത്തിക്കാണിക്കുന്നത് ദൈവം ഏറ്റവും നല്ല ഒരു ദൈവം ആണെന്നാണ്. ജനങ്ങൾ എല്ലായ്പ്പോഴും സുഖമായിട്ടും ആരോഗ്യമായിട്ടും സന്തോഷമായിട്ടും തികഞ്ഞവരായിട്ടും ഇരിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ജനങ്ങളുടെ എല്ലാ ആവശ്യങ്ങളും നൽകി കൊടുക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

എന്തുകൊണ്ടാണ് ദൈവം ഒരു മനുഷ്യനായി ഈ ഭൂമിയിൽ വരുവാൻ തീരുമാനമെടുത്തത്? എന്തുകൊണ്ടാണ് യേശു വന്നത്?

നമ്മൾ എല്ലാവരും പാപം ചെയ്യുകയും നമ്മെ സൃഷ്ടിച്ച ദൈവ ത്തിന്റെ മുമ്പാകെ ദൈവത്തിനു സ്വീകാര്യമല്ലാത്ത അനേകം കാര്യ ങ്ങൾ ചെയ്യുകയും ചെയ്തു. പാപത്തിന് അതിന്റേതായ അനന്ത രഫലങ്ങൾ ഉണ്ട്. നമുക്കും ദൈവത്തിനും മുമ്പാകെ മാറ്റപ്പെടു ത്താൻ വയ്യാത്ത വലിയ ഒരു മതിലാണ് പാപം. പാപം ദൈവ ത്തിൽനിന്നും നമ്മെ വേർതിരിക്കുന്നു. നമ്മെ സൃഷ്ടിച്ച ദൈവത്തെ നാം അറിയുന്നതിനും ദൈവവുമായി ഒരു ഉത്തമബന്ധം സ്ഥാപി ക്കുന്നതിനും പാപം നമ്മെ തടസ്സപ്പെടുത്തുന്നു. അതുകൊണ്ട് നമ്മൾ അനേകരും ഈ ശൂന്യത മറ്റനേകം കാര്യങ്ങളെക്കൊണ്ട് നികത്തിക്കുന്നു.

നമ്മുടെ പാപങ്ങളുടെ മറ്റൊരു പരിണിതഫലം ദൈവ ത്തിൽനിന്നും നിത്യമായ ഒരു വേർപിരിയൽ ആണ്. ദൈവ ത്തിന്റെ കോടതിയിൽ പാപത്തിനുള്ള ശിക്ഷ മരണം ആണ്. മര ണം, നരകത്തിൽ, ദൈവവുമായിട്ടുള്ള നിത്യമായ വേർപെടുത്തൽ ആണ്.

എന്നാൽ, നമുക്ക് പാപത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കാ മെന്നും ദൈവവുമായിട്ടുള്ള ബന്ധം പുനഃസ്ഥാപിക്കാം എന്നും ഒരു സുവാർത്താദൂതുണ്ട്. വേദപുസ്തകം പറയുന്നു, “പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താ വായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ” (റോമർ 6:23). യേശു ക്രൂശിൽ മരിച്ചതിലൂടെ സർവ്വലോകത്തിന്റെയും പാപ ത്തിന്റെ വില കൊടുത്തു. മൂന്നു ദിവസം കഴിഞ്ഞു യേശു കല്ലറ യിൽനിന്നും ഉയിർത്തെഴുന്നേറ്റു, ജീവിച്ചിരിക്കുന്നു എന്ന് അനേ കർക്ക് കാണിച്ചുകൊടുത്തു, എന്നിട്ട് സ്വർഗ്ഗത്തിലേക്കു തിരിച്ചു പോയി.

ദൈവം സ്നേഹവും കരുണയും ഉള്ള ഒരു ദൈവമാണ്. ഒരു വ്യക്തിപോലും നരകത്തിൽ പോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. എല്ലാ മാനവവർഗ്ഗത്തിനും, പാപത്തിൽനിന്നും, അതിന്റെ പരി ണിതഫലത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കുന്നതിന് ഒരു വഴി

ഒരുക്കുവാനാണ് ദൈവം വന്നത്. ദൈവം പാപികളെ രക്ഷിപ്പാനാണ് വന്നത് - എന്നെയും നിങ്ങളെയും പാപത്തിൽനിന്നും നിത്യമരണത്തിൽനിന്നും രക്ഷിക്കുവാൻ.

ഈ പാപമോചനം സൗജന്യമായി ലഭിക്കുവാൻ, ഒരേ ഒരു കാര്യം ചെയ്യുവാനാണ് വേദപുസ്തകം നമ്മളോട് പറയുന്നത് - കർത്താവായ യേശുക്രിസ്തു കാൽവരിക്രൂശിൽ ചെയ്തത് അംഗീകരിക്കുകയും അവനിൽ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കയും ചെയ്യണം എന്നുള്ളതാണ്.

“അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമംമൂലം പാപമോചനം ലഭിക്കും” (അപ്പൊ. പ്ര. 10:43).

“യേശുവിനെ കർത്താവ് എന്നു വായകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും” (റോമർ 10:9).

നിങ്ങളും കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുകയാണെങ്കിൽ നിങ്ങൾക്കും പാപമോചനവും പാപങ്ങളുടെ കഴുകലും പ്രാപിക്കാം.

താഴെ കൊടുത്തിരിക്കുന്ന ലളിതമായ പ്രാർത്ഥന, കർത്താവായ യേശുക്രിസ്തുവിലും യേശു കാൽവരിക്രൂശിൽ നിങ്ങൾക്കുവേണ്ടി എന്തുചെയ്തു എന്നു വിശ്വസിക്കുന്നതിനുമായി ഒരു തീരുമാനമെടുക്കുവാൻ നിങ്ങളെ സഹായിക്കും.

യേശു കാൽവരിക്രൂശിൽ നിങ്ങൾക്കുവേണ്ടി എന്താണ് ചെയ്തതെന്നും നിങ്ങളുടെ പാപങ്ങൾ മോചിക്കപ്പെടുവാനും കഴുകൽ പ്രാപിക്കുവാനും ഉള്ള നിങ്ങളുടെ സ്വീകാരം പ്രകടിപ്പിക്കുവാനും ഈ പ്രാർത്ഥന നിങ്ങളെ സഹായിക്കും. ഈ പ്രാർത്ഥന നിങ്ങൾക്ക് ഒരു മാർഗ്ഗദർശനം മാത്രം ആണ്. നിങ്ങളുടെ സ്വന്തവാക്കുകളിലും നിങ്ങൾക്കു പ്രാർത്ഥിക്കാം.

പ്രിയകർത്താവായ യേശുവേ, ഇന്ന്, നീ എനിക്കുവേണ്ടി ക്രൂശിൽ ചെയ്തതു ഞാൻ മനസ്സിലാക്കിയിരിക്കുന്നു. നീ എനിക്കുവേണ്ടി മരിച്ചു. എനിക്കു പാപമോചനം ലഭിക്കുവാൻ നിന്റെ **വിലയേറിയ രക്തം ചൊരിഞ്ഞു** എന്റെ പാപങ്ങൾക്കു നീ **പ്രായശ്ചിത്തം** കൊടുത്തു. വേദപുസ്തകം പറയുന്നു, ആരെല്ലാം നിന്നിൽ വിശ്വസിക്കുന്നുവോ അവരുടെ പാപങ്ങൾക്കു മോചനം ലഭിക്കുമെന്ന്.

ഇന്ന്, നിന്നിൽ വിശ്വസിക്കുവാനും, നീ എനിക്കു വേണ്ടി ചെയ്തത്, എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതും മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റതും, അംഗീകരിക്കുവാനും ഞാൻ തീരുമാനം എടുക്കുന്നു. എന്റെ നല്ല പ്രവൃത്തികളാലോ, മറ്റു മനുഷ്യരാലോ എനിക്കു രക്ഷിക്കപ്പെടുവാൻ കഴിയത്തില്ലെന്നു ഞാൻ അറിയുന്നു. എന്റെ പാപങ്ങൾക്കു പാപമോചനം പ്രാപിക്കുവാൻ എനിക്കു കഴിയത്തില്ല.

ഇന്ന്, എന്റെ ഹൃദയത്തിൽ ഞാൻ വിശ്വസിച്ചു എന്റെ വായ കൊണ്ട് ഞാൻ ഏറ്റുപറയുന്നു, നീ എനിക്കുവേണ്ടി മരിച്ചു എന്നും എന്റെ പാപങ്ങൾക്കുവേണ്ടി പ്രായശ്ചിത്തം കൊടുത്തു എന്നും നീ മരിച്ചവരിൽനിന്നും വീണ്ടും ഉയിർത്തെഴുന്നേറ്റു എന്നും. നിന്നിലുള്ള വിശ്വാസത്താൽ പാപമോചനവും പാപങ്ങളുടെ കഴുകലും ഞാൻ സ്വീകരിക്കുന്നു.

യേശുവേ നന്ദി. നിന്നെ സ്നേഹിക്കുവാനും നിന്നെ കൂടുതൽ അറിയുവാനും നിന്നോടു വിശ്വസ്തനായിരിക്കുവാനും എന്നെ സഹായിക്കേണമേ. ആമേൻ.

**Notes**

**Notes**

ദൈവം തന്റെ ഉദ്ദേശ്യങ്ങളെ പുറത്തേക്കു വിടുവാൻ ആഗ്രഹിക്കുമ്പോൾ, ദൈവം ദൂതന്മാരെ അയയ്ക്കുന്ന സമയങ്ങൾ ഉണ്ടായിരിക്കാം, എന്നാൽ ഏറ്റവും പതിവായി ദൈവം അവയെ പുറത്തേക്ക് വിടുന്നത് മാനുഷപാത്രങ്ങളിലൂടെയാണ്. ഇത് അർത്ഥമാക്കുന്നത് ദൈവത്തിന്റെ ഉദ്ദേശ്യങ്ങളെ ഭൂമിയിൽ പുറത്തേക്ക് വിടുന്നത് എന്നെയും നിങ്ങളെയും പോലെയുള്ള മനുഷ്യരിലൂടെയാണ്.

നിങ്ങൾ ദൈവത്തോടുകൂടെ നടക്കുമ്പോൾ, ഈ ഭൂമിയിൽ ദൈവം പുറത്തേക്ക് വിടാനാഗ്രഹിക്കുന്ന പദ്ധതികളും ഉദ്ദേശ്യങ്ങളും നിങ്ങൾ കണ്ടുപിടിക്കും. ഇവയിൽ ചിലത് വളരെ പ്രധാനമായതായിരിക്കും – ഒരു കന്യകയിലൂടെ ദൈവത്തിന്റെ പുത്രന്റെ ജനനംപോലെ, ചിലത് അത്രയും പ്രാധാന്യമില്ലാത്തതായിരിക്കാം – ആരും കേട്ടിട്ടില്ലാത്ത ഒരു ഉൾഗ്രാമത്തിൽ ഒരു നഴ്സറി സ്കൂൾ ആരംഭിക്കുന്നതുപോലെ. എന്നാൽ, ഓരോന്നും ഭൂമിയിലേക്കു വിടുന്ന ദൈവത്തിന്റെ പ്രവൃത്തി ആണ്.

ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്നത് ഭൂമിയിൽ ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് ജനനം കൊടുക്കുന്നതിനെക്കുറിച്ചുള്ള ചില വിലയേറിയ ഉൾക്കാഴ്ചകളാണ്. അതുകൊണ്ട്, നിങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ പ്രവൃത്തി പുറത്തേക്ക് വിടുവാൻ ആരംഭിക്കുക.

**അഷീഷ് റായിച്ചൂർ**